കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# എടച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.9/115/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012
തീയതി. 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടച്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം - എടച്ചേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും, ഭാഗം 3-ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി 1 മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് –
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.9/115/2017 തീയതി : 30.01.2017

# കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിൻ മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2015 മുതൽ 01.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ റാന്റം ആയി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2016 മുതൽ 12.01.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രബോധ് കുമാർ ഇ എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശ്യാംജിത്ത് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഇല്യാസ് ടി | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഇ വി കല്യാണി | 2015 ഏപ്രിൽ 1 മുതൽ 2015 ഒക്ടോബർ 31 വരെ |
| | സെക്രട്ടറി, കൃഷി ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ | 2015 നവമ്പർ 1 മുതൽ 2015 നവമ്പർ 11 വരെ |
| | ശ്രീ ടി പി അരവിന്ദാക്ഷൻ | 2015 നവമ്പർ 12 മുതൽ 2016 മാർച്ച് 31 വരെ |
| സെക്രട്ടറി | ശ്രീ വി പി വിശ്വനാഥൻ (ഇൻ ചാർജ്) | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീമതി രേണുക എ വി (ഇൻ ചാർജ്) | 01.06.2015 മുതൽ 18.08.2015 വരെ |
| | ശ്രീ സജീവൻ എം സി | 19.08.2015 മുതൽ 25.08.2015 വരെ |

| | | |
|---|---|---|
| | ശ്രീ ബാലഗോപാലൻ വി പി | 26.08.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സുനിത പി കെ | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി എം സംഭ ഭാനു | 01.04.2015 മുതൽ 20.06.2015 വരെ |
| | | ശ്രീ മുജീബ് സി | 20.06.2015 മുതൽ 17.12.2015 വരെ |
| | | ശ്രീമതി ലക്ഷ്മി സുരേന്ദ്രൻ | 18.12.2015 മുതൽ 31.03.2016 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ.കെ.സി.രാജേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | ഡോ നിഷിന എം | 01.04.2015 മുതൽ 03.12.2015 വരെ |
| | | ഡോ പി കെ ശശീന്ദ്രൻ | 04.12.2015 മുതൽ 31.03.2016 വരെ |
| | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ശ്യാംസുന്ദർ കെ എം | 01.04.2015 മുതൽ 31.03.2016വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ മിഥുൻ പി കെ | 01.04.2015 മുതൽ 31.03.2016 വരെ |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഗിരിജ കുന്നമ്മൽ | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വി പി വിശ്വനാഥൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | | | |
| | | ശ്രീ രാജൻ കെ എം | 23.06.2015 മുതൽ 18.08.2015 വരെ |
| | | ശ്രീ സജീവൻ എം സി | 18.08.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി റീന മാണിക്കോത്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ സനിൽ കുമാർ കെ കെ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-1 | |
| 12 | നികുതി നിർണയത്തിൽ അപാകത – ഗ്രാമപഞ്ചായത്തിനു നികുതി നഷ്ടം | 2-2 | |
| 13 | ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ചട്ട വിരുദ്ധമായി വ്യത്യസ്ത നമ്പർ നൽകി നികുതി നിർണയിച്ചു | 2-3 | |
| 14 | വസ്തുനികുതി വരവ് പരിശോധന – പൊതു അപാകതകൾ | 2-4 | |
| 15 | തൊഴിൽ നികുതി വരവ്: രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-5 | |
| 16 | ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടനിർമ്മാണ അനുമതി നല്കി | 2-6 | |
| 17 | വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - സമയപരിധിക്കുള്ളിൽ അപേക്ഷ | 2-7 | |

| | | | |
|---|---|---|---|
| | നൽകാത്തവർക്കും ഇളവ് നൽകുന്നു | | |
| ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | വിവിധ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു. | 3-1 | |
| 19 | IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികളിൽ ക്വാറിപ്പൊടി ഉപയോഗിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 | |
| 20 | റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്യുന്നു. പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ നഷ്ടം വരാൻ സാധ്യത | 3-3 | |
| 21 | മൂല്യവർദ്ധിത നികുതി ഈടാക്കിയതിൽ കുറവ് - സർക്കാർ ഖജനാവിന് 65,323 രൂപയുടെ നഷ്ടം | 3-4 | |
| 22 | ജൈവ പച്ചക്കറി വികസനം - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-5 | |
| 23 | ക്ഷീര ഗ്രാമം - വനിതകൾക്ക് കറവപ്പശു നൽകൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 3-6 | |
| 24 | ഇ.എം.എസ് ഭവന പദ്ധതി - അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണത്തിൽ വീട് പണിതു | 3-7 | |
| 25 | ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള ഗ്രാന്റ് - വിനിയോഗ വിവരം വ്യക്തമല്ല. | 3-8 | |
| 26 | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-9 | |
| 27 | 2 വൃദ്ധർക്കു ഊന്നുവടി നൽകാനായി മാത്രം പദ്ധതി നടപ്പിലാക്കി | 3-10 | |
| 28 | സാന്ത്വന ചികിൽസ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 3-11 | |
| 29 | എയ്ഡഡ് സ്കൂളുകളിലേക്ക് പ്രഥമ ശുശ്രൂഷ കിറ്റ് നൽകാനായി പദ്ധതി നടപ്പിലാക്കി | 3-12 | |
| 30 | ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി | 3-13 | |
| 31 | പണം മുൻകൂർ ആയി നൽകി - ഒന്നര വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ല. | 3-14 | |

| | | | |
|---|---|---|---|
| 32 | ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലേക്ക് വാങ്ങിയ കസേരകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തില്ല | 3-15 | |
| 33 | തെരുവ് ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല | 3-16 | |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയില്ല | 3-17 | |
| 35 | വിവിധ പദ്ധതികൾക്കുവേണ്ടി മറ്റ് ഓഫീസുകൾക്ക് കൈമാറിയ തുകകൾക്ക് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല | 3-18 | |
| 36 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത - ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 3-19 | |
| 37 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-20 | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 ലെ 18/2015 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു. 05.10.2016 ലെ 128/2016 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പുതുക്കി.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 26.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2015-16 | 27.12.2016 മുതൽ 12.01.2017 വരെ | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെമെന്റ് പത്രിക പ്രകാരം )

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 36791117 |
| വരവ് | 53983166 |
| ആകെ | 90774283 |
| ചെലവ് | 66811453 |
| നീക്കിയിരിപ്പ് | 23962830 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2791741 | 7085643 | 9877384 | 9877384 | +5231285 | 0 | - |
| വികസനഫണ്ട് എസ്.സി.പി. | 670361 | 757361 | 1427722 | 757361 | -670361 | 0 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 1398275 | 2688015 | 4086290 | 4086290 | - | 0 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1605628 | 135193 | 1740821 | 1740821 | - | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1213979 | 4925676 | 6139655 | 4148618 | -1991037 | 0 | 95.85 |
| കെ എൽ ജി എസ് ഡി പി | 2569887 | 2285944 | 4655831 | 2285944 | -2569887 | 0 | 88.95 |
| എം.എൻ.ആർ.ഇ.ജി.എസ്. | 28936 | 12596215 | 12625151 | 303736 | | 2482 | 99.19 |
| ബി ഫണ്ട് | 0 | 25307800 | 25307800 | 25307800 | | 0 | 100 |
| പൊതു ആവശ്യ ഗ്രാന്റ് | 15096497 | 7632813 | 22729310 | 2759538 | | 19969772 | 12 |

മേൽ കണക്കുകൾ എ സി ആർ, ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 120 | 41796867 | 74 | 25735752 | 11 | 35 | 61.66 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തനത് വരുമാനം

| | ഇനം | 2015-16 |
|---|---|---|
| 1 | നികുതി വരവുകൾ | 3848995 |
| 2 | നികുതിയേതര വരവുകൾ | 955484 |
| 3 | മറ്റുവരവുകൾ | 148826 |
| | ആകെ | 4953305 |

| നികുതി വരവുകൾ | | നികുതിയേതര വരവുകൾ | | മറ്റുവരവുകൾ | |
|---|---|---|---|---|---|
| RP 1 | 801460 | RP 3 | 30850 | RP 9 | 148826 |
| RP 43 | | RP 4 | 430034 | | |
| തൻ വർഷ വസ്തു നികുതി (വാസം) | 2259726 | RP 5 | 48559 | | |
| വസ്തു നികുതി കുടിശ്ശിക (വാസം) | 645099 | RP 10 | 79217 | | |
| തൻ വർഷ വസ്തു നികുതി (വാണിജ്യം) | | RP 43 യിലെ എല്ലാ നികുതിയേതര വരവുകളും | 366824 | | |
| വസ്തു നികുതി കുടിശ്ശിക (വാണിജ്യം) | | | | | |
| തൊഴിൽ നികുതി തൻവർഷം | 142710 | | | | |
| തൊഴിൽ നികുതി കുടിശ്ശിക | | | | | |
| പരസ്യ നികുതി | | | | | |
| ആകെ | 3848995 | ആകെ | 955484 | ആകെ | 148826 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 2,29,080 | 120 |
| കർഷകതൊഴിലാളി വേതനം | 55,71,390 | 751 |
| വിധവാ പെൻഷൻ | 73,84,960 | 832 |
| വാർദ്ധക്യകാല പെൻഷൻ | 80,97,030 | 974 |
| വികലാംഗ പെൻഷൻ | 31,50,760 | 303 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3,87,640 | 41 |
| വിധവകളുടെ മക്കൾ ക്കുള്ള വിവാഹധന സഹായം | 4,50,000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.01.2017ന കാലത്ത് 10 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പില്ലായിരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2016 | 2016 ഏപ്രിൽ | റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2003 മുതൽ 12.08.2003 വരെ | 1997 മുതൽ 2003 വരെ | 492/1249 തീയതി 29.10.2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. തൊഴിൽ നികുതി വരവിലെ വ്യത്യാസം

2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയും മുൻകൂർ വരവും കാണിച്ചിട്ടുണ്ട്. എന്നാൽ ഇവ രജിസ്റ്ററിൽ കാണുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക പ്രകാരമുള്ള തൊഴിലാളികളുടെ തൊഴിൽ നികുതി ഡിമാന്റും റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരമുള്ള തൊഴിലാളികളുടെ തൊഴിൽ നികുതി വരവും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും അത് ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

2. തൻവർഷ വസ്തു നികുതിയുടെ കാര്യത്തിൽ വാർഷിക ധനകാര്യ പത്രികയിലെയും ബന്ധപ്പെട്ട രജിസ്റ്ററുകളിലെയും ഡിമാന്റ്, കലക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

3. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 37500 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 37500 രൂപയും ചെലവഴിച്ചത് വാർഷിക ധനകാര്യപത്രികയിൽ ചിലവായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രികയിൽ ചെലവായി കാണിച്ചിട്ടില്ല.

4. വാടക ഇനത്തിലും മറ്റ് വരവ് ഇനത്തിലും മുൻകൂർ വരവുണ്ടെങ്കിലും ആയത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐറ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

7. പഞ്ചായത്തിനു പിരിഞ്ഞു കിട്ടാനുള്ള / ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 നികുതി നിർണയത്തിൽ അപാകത – ഗ്രാമപഞ്ചായത്തിനു നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിൽ വാസഗൃഹങ്ങൾക്കു ചതുരശ്ര മീറ്ററിനു 5 രൂപ നിരക്കിലും 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും മറ്റ് വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും

(പരിധിയില്ലാതെ) ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് 18.10.2011 ലെ മൂന്നാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ ചില കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചിടത്ത് മേൽ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ

1. മറ്റു വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിനു വാസഗൃഹത്തിന്റെ നികുതി നിർണയിച്ചു.

ഡി ആന്റ് ഒ ലൈസൻസ് നൽകപ്പെട്ട ശ്രീമതി നാരായണി കേളോത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള വ്യവസായ കെട്ടിടത്തിനു വാസഗൃഹത്തിനു ബാധകമാവുന്ന നിരക്കിലാണ് നികുതി നിർണയിച്ചത്. ഇതു കാരണം ഗ്രാമപഞ്ചായത്തിനു 2013-14 മുതൽ നികുതിയിനത്തിൽ സംഭവിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | കെട്ടിട നം | വിസ്തീർണം | ച.മീറ്ററിനു 5 രൂപ നിരക്കിൽ ഈടാക്കിയ നികുതി | നിയമ പ്രകാരം ഈടാക്കേണ്ടനികുതി (ച.മീറ്ററിനു 40 രൂപ നിരക്കിൽ ) | നികുതി നഷ്ടം |
|---|---|---|---|---|---|
| 2013-14 | 7/17എ | 137.61 | 360/- | 5505 | 5145 |
| 2014-15 | | | 360/- | 5505 | 5145 |
| 2015-16 | | | 360/- | 5505 | 5145 |
| ആകെ | | | 1080/- | 16515 | 15435 |

2. തറ വിസ്തീർണത്തിനു ബാധകമായ നിരക്കിൽ നികുതി ഈടാക്കിയില്ല

100 ചതുരശ്ര മീറ്ററിനു മേൽ വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിനു 100 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി നിർണയിച്ചതിന്റെ ഉദാഹരണം താഴെ നൽകുന്നു.

| വർഷം | കെട്ടിട നം | ഉടമ | തറ വിസ്തീർണം | ഈടാക്കിയത് | | ഈടാക്കേണ്ടത് | | നഷ്ടം |
|---|---|---|---|---|---|---|---|---|
| | | | | അടിസ്ഥാന നികുതി | കാലപഴക്കത്തിന്റെ ഇളവ് (10%) കിഴിച്ച ശേഷമുള്ള നികുതി | അടിസ്ഥാന നികുതി | കാലപഴക്കത്തിന്റെ ഇളവ് (10%) കിഴിച്ച ശേഷമുള്ള നികുതി | |
| 2013-14 | 4/642 | റൈഹാനത്ത് തോട്ടോളിച്ചാലിൽ | 103 ച.മീ | 4120 | 3708 | 6180 | 5562 | 1854 |
| 2014-15 | | | | 4120 | 3708 | 6180 | 5562 | 1854 |
| 2015-16 | | | | 4120 | 3708 | 6180 | 5562 | 1854 |
| ആകെ | | | | | | | | 5562 |

കൂടാതെ 1/294 എന്ന നമ്പറിലുള്ള ശോഭ പാറേക്കാട്ടിൽ മുതൽ പേർ ഉമസ്ഥരായിട്ടുള്ള 8.4 ച.മീവിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിനു 100 ചതുരശ്ര മീറ്ററിനു മേൽ വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിനു ബാധകമാവുന്ന നിരക്കിലാണ് നികുതി നിർണയിച്ചിരിക്കുന്നത്.

നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ കാര്യത്തിൽ, നഷ്ടം വന്ന തുക ( 5562+15435 = 20997) കെട്ടിടമുടമകളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ സമാനമായ അപാകത സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ചട്ട വിരുദ്ധമായി വ്യത്യസ്ത നമ്പർ നൽകി നികുതി നിർണയിച്ചു

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലിഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ | |

| | | |
|---|---|---|
| | പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ കെട്ടിടങ്ങളിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്.

ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീ യിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ ( സ.ഉ (അച്ചടി) നം.88/2013/ത.സ്വ.ഭ.വ തീയതി 13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് 18.10.2011 ലെ 8 ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

ചട്ടവിരുദ്ധമായി കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി 2015-16 ൽ നികുതി നിർണയിച്ച ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിനു സംഭവിച്ച നികുതി നഷ്ടത്തിന്റെ ഉദാഹരണം താഴെ നൽകുന്നു.

| കെട്ടിടമുടമയുടെ വിശദാംശങ്ങൾ | കെട്ടിടത്തിനു ചട്ടത്തിനു വിരുദ്ധമായി നൽകിയ വിവിധ നമ്പറുകൾ | വിസ്തീർണം (ച.മീ) | ച.മീറ്ററിനു 40 രൂപ നിരക്കിൽ ബാധകമാക്കിയ അടിസ്ഥാന നികുതി | കെട്ടിടത്തിന്റെ ആകെ വിസ്തീർണം | ചട്ട വിരുദ്ധമായി നമ്പറിട്ടില്ലായിരുന്നെങ്കിൽ ച.മീറ്ററിനു 60 രൂപ നിരക്കിൽ ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| ഗോപാലക്കുറുപ്പ് കുനിയിൽ പാർക്കം, പട്ടയാട | 3/463 എ | 14.85 | 594 | | | |
| | 3/463ബി | 13.08 | 523 | | | |
| | 3/463 സി | 16.04 | 642 | | | |
| | 3/463 ഡി | 20.09 | 804 | | | |
| | 3/463 ഇ | 19 | 760 | | | |
| | 3/463 എഫ്* | 22.04 | 882 | | | |
| | ആകെ | 105.1 | 4205 | 105.1 | 6306 | |
| | ഇളവ്/ വർധനവ് | +20% | | | | |
| | ഒന്നാം നില വിസ്തീർണം | 61.13 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ബഹുനില ഇളവ് | | 152 | | 220 | |
| | ഇളവും വർധനവും വരുത്തിയ ശേഷമുള്ള നികുതി | | 4894 | | 7347 | 2453 |

ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വെവ്വേറെ നികുതി നിർണയിക്കാം എന്ന വ്യവസ്ഥയുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്.

മേൽ മറുപടിയിൽ സൂചിപ്പിച്ച ചട്ടം പ്രകാരം ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പർ നൽകി നിർണയിക്കണമെങ്കിൽ നിയമത്തിലോ ചട്ടത്തിലോ പ്രസ്ഥാവിച്ച ഏതെങ്കിലും തക്കതായ കാരണം ഉണ്ടായിരിക്കണം. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ കെട്ടിട നമ്പർ നൽകുവാനുള്ള സാഹചര്യം ചട്ടം 4 (1) ൽ പ്രസ്ഥാവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്രസ്ഥാവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

മേൽ സൂചിപ്പിച്ച കാരണങ്ങളാലല്ല ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ കെട്ടിട നമ്പർ നൽകി നികുതി നിർണയിച്ചിട്ടുള്ളത്. അതിനാൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ചട്ടവിരുദ്ധമായി നമ്പർ നൽകിയതിന് വിശദീകരണം നൽകേണ്ടതും വസ്തു നികുതി പരിഷ്കരണം നടത്തിയതു മുതൽ നാളിതു വരെ നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ കാര്യത്തിൽ സമാനമായ അപാകത ഉണ്ടോയെന്ന് പരിശോധിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി വരവ് പരിശോധന – പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക വരുത്തി.

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും രൂപ തൻവർഷ നികുതി 2603571 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. 2259726 രൂപ മാത്രമേ പിരിച്ചിട്ടുള്ളൂ. 343845 രൂപ കുടിശ്ശികയാണ്. കുടിശ്ശികയിനത്തിലും 233482 രൂപ പിരിക്കാൻ ബാക്കിയുണ്ട്.

2. സഞ്ചയ വഴിയുള്ള ഡിമാന്റ് കുറ്റമറ്റതാവുന്നില്ല

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ വരുകയും നിലവിലെ വിവരങ്ങളെല്ലാം ഡാറ്റാ എൻട്രി നടത്തി സഞ്ചയയിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മാന്വലായി മുമ്പ് തയ്യാറാക്കിയിരുന്ന ഡിമാന്റ് നോട്ടീസ് നിലവിൽ സഞ്ചയയിൽ നിന്നും ജനറേറ്റ് ചെയതെടുക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഡിമാന്റിലെ കൃത്യത പരിശോധിക്കാനായി വസ്തു നികുതി ഇളവ് നൽകപ്പെട്ടവരുടെ സഞ്ചയ വഴി ജനറേറ്റ് ചെയ്യപ്പെടുന്ന ഡിമാന്റ് പരിശോധിച്ചപ്പോൾ വസ്തു നികുതി ഒഴിവാക്കപ്പെട്ടവരും സഞ്ചയ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ടതായി കാണുന്നു. ഇതു കാരണം 100 ശതമാനം പിരിവ് നടത്തിയാലും രേഖകളിൽ വസ്തു നികുതി കുടിശ്ശികയായതായി കാണുന്നു. ഓഡിറ്റ് വർഷങ്ങളിൽ നികുതി ഒഴിവാക്കി നൽകപ്പെട്ട ചില പൊളിച്ച കെട്ടിടങ്ങളുടെയും വിമുക്ത ഭടൻമാരുടെ വാസഗൃഹങ്ങളുടെയും വേക്കൻസി റെമിഷൻ ഇളവ് നൽകപ്പെട്ട കെട്ടിടങ്ങളുടെയും നികുതി സഞ്ചയ വഴിയുള്ള ഡിമാന്റിൽ ഉൾപ്പെട്ടതായി കാണുന്നു.

3. മൊബൈൽ ടവറിനു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ എത്ര മൊബൈൽ ടവറുകളുണ്ടെന്നുള്ള കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ഹാജരാക്കിയതിൽ ടവറിനു നികുതി ഈടാക്കിയതായി കാണുന്നില്ല . അനുബന്ധകെട്ടിടങ്ങളുടെ നികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ.

4. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വൻ അന്തരം

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രേഖകൾ പ്രകാരം 1550 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായും 40 കെട്ടിടങ്ങൾ വ്യവസായ ആവശ്യങ്ങൾക്കായും നിർമിച്ചവയാണ്. എന്നാൽ 388സ്ഥാപനങ്ങൾക്കേ ഡി ആന്റ് ഒ ലൈസൻസ് ഉള്ളൂ. ബാക്കി കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റിയോ അല്ലെങ്കിൽ അവയിൽ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

5. സോഫ്റ്റ് വെയറുകളിൽ നിന്നു ആവശ്യമായ വിവരങ്ങൾ ലഭ്യമാവുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന സഞ്ചയ,സാംഖ്യ എന്നീ സോഫ്റ്റ് വെയറുകളിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാകുന്നില്ല.

1. വിവിധ മാനദണ്ഡങ്ങൾ നല്കി അതിനനുസരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല.

ഉദാഹരണം : ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ

2.. തൻവർഷം എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിക്കാനുണ്ട്.

3. തൻവർഷനികുതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചു.

4. ലൈബ്രറി സെസ് കൂടാതെ തൻവർഷ നികുതിയിനത്തിലും കുടിശ്ശികയിനത്തിലും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

5. കെട്ടിട നിർമാണം പൂർത്തിയായ തീയതിയുടെയും പെർമിറ്റ് നമ്പറിന്റെയും വിവരം

6. ഒരു ഉടമയുടെ പേര് നൽകി അയാളുടെ പേരിൽ എത്ര കെട്ടിടങ്ങളുണ്ടെന്നോ അതിന്റെ വിശദാംശങ്ങളും.

7. സഞ്ചയ പ്രകാരം തയ്യാറാക്കപ്പെടുന്ന അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ തറവിസ്തീർണത്തിന്റെ വിവരം

8. ഗ്രാമപഞ്ചായത്തിൽ ആകെ എത്ര കെട്ടിടങ്ങളുണ്ട് എന്ന വിവരം

അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി വരവ്: അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത. സ്വ. ഭ. വ തീയ്യതി 27.5.08 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കിയില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 388 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 322 സ്ഥാപനങ്ങളിൽ നിന്നേ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. 43 സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ.

ഡി ആന്റ് ഒ രജിസ്റ്ററിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കാത്തവയുടെ ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| കെട്ടിട നം | സ്ഥാപനം | ലൈസൻസുടമ |
|---|---|---|
| 5/389 മുതൽ 5/393 വരെ | ന്യൂട്രിമിക്സ് നിർമാണം | ബിന്ദു പി കോട്ടയിൽ |
| 1/286 | ഈർച്ച മിൽ | സി എച് ലീല |
| 4/642 | ലബോറട്ടറി | വിജീഷ് എംടി |
| 4/319ഇ,എഫ്,ജി,എച്ച്,ജെ,കെ,എൽ,എം,എൻ | ടൈൽസ്,ഗ്രാനൈറ്റ് തുടങ്ങിയവയുടെ വിൽപന | ഹാഷിം |

2. കുടിശ്ശിക തുക പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി ഇനത്തിലെ തുകകൾ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കലക്ഷൻ | | കുടിശ്ശിക | |
|---|---|---|---|---|---|---|
| | തൊഴിലാളികൾ | സ്ഥാപനം | തൊഴിലാളികൾ | സ്ഥാപനം | തൊഴിലാളികൾ | സ്ഥാപനം |
| രജിസ്റ്റർ | 806880 | 142710 | 806880 | 142710 | ഇല്ല | ഇല്ല |
| വാർഷിക ധനകാര്യ പത്രിക | 815560 | 142710 | 801460 | 142710 | 14100 രൂപ കുടിശ്ശികയുണ്ടെങ്കിലും കാണിച്ചിട്ടില്ല | കുടിശ്ശികയില്ലെങ്കിലും 77523.40 രൂപ കാണിച്ചിട്ടുണ്ട്. |

3. റിട്ടേൺ ആവശ്യപ്പെടുകയോ സമർപ്പിക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ വാണിജ്യ വ്യവസായ പാർപ്പിടേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളിലെ ഭൂരിഭാഗം സ്ഥാപനങ്ങളോടും 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് നൽകുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. നിശ്ചിത ഫോറത്തിൽ (ഫോറം II ൽ) റിട്ടേൺ സമർപ്പിക്കുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ പല സ്ഥാപനങ്ങളും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല. ഫോറം IIൽ ഉൾപ്പെട്ടിട്ടുള്ള പല വിവരങ്ങളും ഉൾപ്പെടുത്താനിടമില്ലാത്ത ഫോറത്തിലാണ് എല്ലാ സ്ഥാപനങ്ങളും റിട്ടേൺ നല്കിയിരിക്കുന്നത്.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

## 2-6 ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടനിർമ്മാണ അനുമതി നല്കി

2015-16 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട് നല്കിയ താഴെപ്പറയുന്ന കെട്ടിടനിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിടനിർമ്മാണ അനുമതി നമ്പർ | എ2 – 1627 /2015 തിയ്യതി 04.02.2016 |
| അപേക്ഷകൻ | ശ്രീ.സുരേഷ് കുമാർ , എ.എം നിവാസ് ,കച്ചേരി ( പി.ഓ) |
| നല്കിയ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ ഒക്യുപെൻസി വിഭാഗം | കമേഴ്സ്യൽ |
| കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം | 233.47 എം2 |

| | |
|---|---|
| അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിൽ ഉൾക്കൊള്ളുന്ന ഒക്യുപൻസി വിഭാഗങ്ങൾ | ഫ്ലോർ മിൽ ( കാർപ്പെറ്റ് വിസ്തീർണം 135.6 എം2)<br>ഓഫീസ് ( " 52 എം2 )<br>കടമുറികൾ ( " 45 എം2 ) |

അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിൽ G1 , E , F എന്നീ ഒക്യുപൻസി വിഭാഗങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇതിൽത്തന്നെ കൂടുതൽ നിയന്ത്രിത ഒക്യുപൻസി വിഭാഗം G1 ആണെന്നത് വ്യക്തമാണ്.2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 34(2) ന് താഴെയുള്ള കുറിപ്പ് ( iii ) പ്രകാരം ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ , ഏറ്റവും നിയന്ത്രിതമായ ഒക്യുപെൻസി വിഭാഗത്തിലാണ് കെട്ടിടത്തെ പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട് . അതായത് ഇവിടെ കെട്ടിടത്തെ G1 വിഭാഗത്തിലായിരുന്നു ഉൾപ്പെടുത്തേണ്ടത്. ഇതിനു പകരം കമേഴ്സ്യൽ ( F ) വിഭാഗത്തിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണ അനുമതി നല്കിയത് കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമാണ്.കൂടാതെ G 1 വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് പ്രത്യേകമായി ബാധകമാക്കേണ്ട കെട്ടിടനിർമ്മാണ ചട്ടങ്ങളൊന്നും ഇവിടെ ബാധകമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ചട്ടം | ചട്ടത്തിന്റെ ചുരുക്കം | പെർമിറ്റ് നല്കിയതിലെ അപാകത |
|---|---|---|---|
| 1 | 59 (1) | 1957 – ലെ കേരള ഫാക്ടറീസ് റൂൾസ്, സമാന നിയമങ്ങൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന പരിശോധന ആവശ്യമാണ്. | ചട്ട പ്രകാരം പരിശോധിച്ചിട്ടില്ല |
| 2 | 59 (4) | G1വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് പാർശ്വാങ്കണം ഇരുവശത്തും 3 മീറ്റർ വേണം | കെട്ടിടത്തിന്റെ ഒരുവശത്ത് 1.67 മീറ്റർ , 1.5 മീറ്റർ എന്നിങ്ങനെ മാത്രമേ പാർശ്വാങ്കണമുള്ളൂ |
| 3 | 59 (6) | ഒരു ജോലിക്കാരന് അവശ്യമായും ഉണ്ടായിരിക്കേണ്ട കാർപ്പെറ്റ് വിസ്തീർണം സംബന്ധിച്ച നിബന്ധന പാലിക്കേണ്ടതാണ്. | ചട്ട പ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 4 | 59(11)(a) | പെർമിറ്റ് നല്കുന്നതിന് മുമ്പ് അഗ്നിശമന സേനാ വിഭാഗത്തിൽ നിന്നുള്ള അംഗീകാര സർട്ടിഫിക്കറ്റ് വേണം. | നിബന്ധന പാലിച്ചിട്ടില്ല. |

കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടനിർമ്മാണ അനുമതി നല്കിയത് വിശദീകരിക്കേണ്ടതാണ്.പ്ലാൻ പരിശോധിച്ച് കെ,പി.ബി.ആർ വിധേയമാണെന്ന് 14.12.2015 ൽ നോട്ടെഴുതിയ ഓവർസിയർ , 04.02.2016 തിയ്യതിയോടെ പെർമിറ്റ് ഒപ്പിട്ട് നല്കിയ പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്തവർക്കും ഇളവ് നൽകുന്നു

വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നിർദേശിക്കുന്ന 02.07.2013 ലെ സ.ഉ (കൈ) 242/2013/ത.സ്വ.ഭ.വ ഉത്തരവിലെ ക്രമ നം 7 പ്രകാരം ,ഒരിക്കൽ നികുതിയിളവ് അനുവദിച്ചാലും എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 ന മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകിയാലേ വസ്തു നികുതി ഇളവ് അനുവദിക്കേണ്ടതുള്ളൂ എന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഈ ഇനത്തിൽ ഇളവ് നൽകപ്പെട്ട പലരും മേൽ തീയതിക്കകം അപേക്ഷ നൽകിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ നൽകിയ തീയതി | കെട്ടിട നം |
|---|---|---|
| സി കെ അനന്തൻ | 07.01.2016 | 10/163 |
| പി പി രാഘവൻ | 17.03.2016 | 7/323 |
| കെ കെ തറുവൈ | 03.03.2016 | 6/159 |
| ശങ്കരൻ കിഴക്കയിൽ | 21.03.2016 | 6/380 എ |
| ആർ ഐ കൃഷ്ണൻ മൂസ്സത് | 22.03.2016 | 14/392 |

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് ടാറിംഗ് പ്രവൃത്തികൾ - ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഏതാനും റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ

നിരക്കാണ് അവലംബിച്ചത്. ഇതിനുപയോഗിച്ച ബിറ്റുമിന് മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിലുള്ള വിലയേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. ഡി.എസ്.ആർ കോഡ് 16.30.2, 16.30.1, 16.32.2, 16.41 എന്നിവയാണ് ഇവിടെ ടാറിംഗ് പ്രവൃത്തിക്ക് എടുത്ത ഡാറ്റകൾ. വി.ജി-10 ബിറ്റുമിൻ മാത്രമാണ് ടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചത്. കരാർ ഉടമ്പടി വെച്ച തീയതിയിലെ മാർക്കറ്റ് വിലയനുസരിച്ച് മാത്രമേ വി.ജി-10ന്റെ നിരക്കിന് കരാറുകാരന് അർഹതയുള്ളൂ. ഇതിന് ഡി.എസ്.ആർ പ്രകാരം ടണ്ണിന് 50,600/- രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. മരാമത്ത് പ്രവൃത്തിയുടെ മെറ്റീരിയൽ ആഡിക്വസി പ്രകാരം ഉപയോഗിച്ച ബിറ്റുമിനും അതിന് അധികം അനുവദിച്ച തുകയുടെ വിശദാംശവും താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ എസ്റ്റിമേറ്റ് തുക/ബിൽ നമ്പർ/തുക | കരാറുകാരന്റെ പേര്/ടെൻഡർ കുറവ്(കോസ്റ്റ് ഇൻഡക്സ്) | മെറ്റീരിയൽ ആഡിക്വസി പ്രകാരം വിനിയോഗിച്ച ബിറ്റുമിൻ | ഡി.എസ്. ആർ പ്രകാരം ആകെ തുക കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ (ടെൻഡർ കുറവ് കുറച്ച്) | മാർക്കറ്റ് നിരക്ക് പ്രകാരം തുക(4% വാറ്റും1% എക്സൈസ് ഡ്യൂട്ടിയും ഉൾപ്പെടുന്നു) ,കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ | അധികം അനുവദിച്ചതുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7=(5-6) |
| 1. | കളമുള്ളതിൽ മുക്ക് അയ്യപ്പൻ കാവിൽ റോഡ്<br>പ്രോ.നം: 100/16<br>4.25ലക്ഷം രൂപ<br>ഡി.ഡി നം.<br>287427/31.03.16<br>തുക - 3,95,030/- | OLCCS, ഓർക്കാട്ടേരി<br>,എസ്റ്റിമേറ്റ് റേറ്റ് ,<br>1.381 | 2.947ടൺ 112/14-15<br>കരാർ തീയതി. 03.12.15 | 2.947 x 50,600x 1.381<br>=2,05,932/- | 2.947 x 32007 x1.381 = 1,30,262/- | 75,670 |
| 2. | ജ്വാല വായനശല പുതിയോട്ടിൽ താഴ റോഡ് റീടാറിംഗ്<br>പ്രോ.നം: 72/16<br>4.75ലക്ഷം രൂപ<br>ഡി.ഡി നം 287424/31.03.2016 | രാമചന്ദ്രൻ (കൺവീനർ)<br>1.381 | 2.780 ടൺ<br>103/15-16 കരാർ തീയതി. 04.03.2016 | 2.780 X 50,600 X 1.381 = 1,94,263/- | 2.780 X 29,025 X 1.381 = 1,11,432/- | 82,831 |
| 3. | പുതുക്കടിമുക്ക് തോട്ടത്തിൽ താഴ റോഡ്<br>പ്രോ.നം: 66/16 7 ലക്ഷം രൂപ ഡി.ഡി നം.<br>287428/31.03.16<br>തുക -6,01,034/- | എൻ. രാഘവൻ, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 6.99% കുറവ്<br>, 1.381 | 2.758ടൺ<br>106/15-16<br>കരാർ തീയതി : 29.02.2016 | 2.758X 50,600 X 1.381 = 1,92,725/- (Less 1,92,725x6.99% = 13,471/-) = 1,79,254/- | 2.758 X 25,907 X 1.381 = 98,675/- (Less 6.99%) = 98675-6897 = 91778 | 87476 |
| 4. | കീഴലിന്റവിട കോടഞ്ചരി എൽ.പി. സ്കൂൾ റോഡ് ടാറിംഗ്<br>പ്രോ.നം: 107/16<br>80,000 ചെക്ക് നം. 287421/31.3.16<br>തുക -90,000/- | ELCCS<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 0.380ടൺ<br>116/15-16<br>കരാർ തീയതി 21.11.2015 | 0.380 X 50,600 X 1.381 = 26,554/- | 0.380 X 28185 X 1.381 = 14,791/- | 11,763 |

| | | | | | | |
|---|---|---|---|---|---|---|
| 5. | തുണ്ടിയിൽമുക്ക് മേയനമുക്ക് റോഡ്<br>പ്രോ.നം: 68/16<br>4 ലക്ഷം രൂപ<br>ചെക്ക് നം.287419/31.3.16<br>തുക -3,69,976/- | സജീഷ്<br>കെ.കെ<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 1.759 ടൺ<br>123/15-16<br>കരാർ തീയതി. 21.11.2015 | 1.759 X 50,600 X 1.381 = 1,22,916/- | 1.759 X 28,185 X 1.381 = 68,466/- | 54,449 |
| 6. | രാവാരിമഠം കോടഞ്ചരി എൽ.പി. സ്കൂൾ റോഡ്<br>പ്രോ.നം: 74/16<br>2 ലക്ഷം രൂപ ഡി.ഡി നം. 287417/31.3.16<br>തുക -90,000/- | ELCCS<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 1.224ടൺ<br>122/15-16<br>കരാർ തീയതി 21.11.2015 | 1.224 X 50,600 X 1.381 = 85,531/- | 1.224 X 28,185 X 1.381 = 47,642/- | 37,889 |
| 7. | മാടപ്പൊയിൽമുക്ക് പടിഞ്ഞാറെ പൂക്കോട് റോഡ് ടാറിംഗ്<br>പ്രോ.നം: 65/16,<br>4,00,000 ചെക്ക് നം. 287425/31.3.16<br>തുക -3,26,000/- | ELCCS<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 0.884ടൺ<br>124/15-16<br>കരാർ തീയതി 03.10.2015 | 0.884 X 50,600 X 1.381 = 61,773/- | 0.884X 31,500 X 1.381 = 38,455/- | 23,318 |
| 8. | പനാടമുക്ക് കാഞ്ഞിരമുക്ക് റോഡ്<br>പ്രോ.നം: 75/16<br>2,00,000 ചെക്ക് നം. details of ayt./31.3.16<br>തുക - /- | രാഘവൻ.എൻ<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 1.189ടൺ<br>120/15-16<br>കരാർ തീയതി 03.10.2015 | 1.189 X 50,600 X 1.381 = 83,086/- | 1.189 X 31,500 X 1.381 = 51,723/- | 31,363 |
| 9. | ചുണ്ടയിൽ തെരു ചെട്ട്യാം വീട്ടിൽ റോഡ് ടാറിംഗ്<br>പ്രോ.നം: 71/16, 3ലക്ഷം രൂപ ഡി.ഡി നം. 286421/19.3.16<br>തുക -2,52,000/- | കെ.ടി.കെ ബാബു<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 1.384ടൺ<br>111/15-16<br>കരാർ തീയതി 03.10.2015 | 1.384 X 50,600 X 1.381 = 96,712/- | 1.384X 31,500 X 1.381 = 60,206/- | 36,506 |
| 10. | ഇരിങ്ങണ്ണൂർ ഹൈസ്കൂൾ റോഡ് ടാറിംഗ്.<br>പ്രോ.നം: 67/16<br>4,99,000/- രൂപ ഡി.ഡി നം. 285292/19.02.16<br>തുക -4,40,251/- | പ്രശോഭൻ.സി<br>എസ്റ്റിമേറ്റ് റേറ്റ്<br>1.381 | 1.902ടൺ<br>118/15-16<br>കരാർ തീയതി 21.11.2015 | 1.902X 50,600 X 1.381 = 1,32,909/- | 1.902 X 28,185 X 1.381 = 74,032/- | 58,877 |
| | | | ആകെ | 11,88,930 | 688788 | 500142 |

പ്രവൃത്തികൾക്ക് കരാറുകാരൻ ഉപയോഗിക്കുന്ന ബിറ്റുമിന് മാർക്കറ്റ് റേറ്റ് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് ടെൻഡറിൽ വ്യക്തമാക്കാത്തതിനാലാണ് ഇത്തരത്തിൽ നഷ്ടം സംഭവിക്കാനിടയായത്. അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 9/05.01.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബിറ്റുമിന് അധികം അനുവദിച്ച തുകയായ 500142/- രൂപ നിർവ്വഹണോദ്യഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 IRC സ്പെസിഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികളിൽ ക്വാറിപ്പൊടി ഉപയോഗിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ സെക്ഷനിംഗ് ചെയ്തതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 34-2011, 305-2011 നം.ഇനങ്ങളിൽ വിശദീകരിക്കുന്നുണ്ട്. എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല. ഗ്രാനുലാർ സബ് ബേസ്(granular subbase) ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐആർസി സ്പെസി ഫിക്കേഷനിൽ പറയുന്നു. ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല. മണ്ണിന് പകരം ക്വാറിമക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര്, പ്രോജക്ട് നം, എം.ബുക്ക് നം, ചെക്ക്/ ഡി.ഡി നം. | ക്വാറിമക്കിട്ടതിന്റെഅളവും നൽകിയ തുകയും | റിമാർക്സ് |
|---|---|---|---|
| 1 | 2 | 3 | 6 |
| 1. | നരിക്കുന്ന് അംഗൻവാടി-ആയാടത്തിൽമുക്ക് ഒളവിൽ താഴ റോഡ് സോളിംഗ്. S056/16. എംബുക്ക്നം. 136/15-16, ചെക്ക്നം 287420/31.03.2016 (5,81,355രൂപ) | 217.80എം3@ 1,224.27/എം3= 2,66,646രൂപ | കരാറുകാരൻ-എൻ.രാഘവൻ |
| 2. | കൊമ്മിളിമുക്ക് കുറുങ്ങോട്ട് താഴ റോഡ്.S0059/16.എംബുക്ക്നം69 /14-15. ചെക്ക്നം 285287/19.02.2016 (2,30,011രൂപ) | 43.20എം3@ 1248/എം3= 53,914രൂപ | കരാറുകാരൻ, കെ.കുമാരൻ |
| 3. | പുത്തൻ പുരയിൽമുക്ക് അയനിക്കണ്ടിമുക്ക് റോഡ്, S0017/16. എംബുക്ക്നം70/14-15. ചെക്ക്നം 809767/03.02.2016 (2,32,426രൂപ) | 19.20എം3@ 1248/എം3= 23,962രൂപ | കരാറുകാരൻ-എൻ.രാഘവൻ |

| | | | |
|---|---|---|---|
| 4. | ഒന്തത്ത്മുക്ക് പോലീസ് ക്വാർട്ടേഴ്സ് റോഡ്, 60/16. എംബുക്ക്നം. 113/15-16 ചെക്ക്നം 285576/26.02.2016 (2,31,423രൂപ) | 15.75എം3@ 1248/എം3= 19,656രൂപ | കരാറുകാരൻ- മൊയ്തു. |
| 5. | പൊയിൽമുക്ക് തുണ്ടിയിൽ മുക്ക് റോഡ് സോളിംഗ്, 63/16. എംബുക്ക്നം55/14-15. ചെക്ക്നം 286542/19.02.16 (4,10,227രൂപ) | 14.40എം3@ 1248/എം3= 17,971രൂപ | കരാറുകാരൻ- കുഞ്ഞിരാമൻ |
| ആകെ | | 3,82,149 | |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ധനകാര്യം) 26.09.2016 ലെ 718974/Estt-D4/16/ധനം സ്പഷ്ടീകരണ കത്ത് പ്രകാരം റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ, മണ്ണിന്റെ CBR മൂല്യം ഉയർത്തേണ്ട ആവശ്യകതയുണ്ടെന്നും ക്വാറിപ്പൊടി ഉപയോഗിക്കുന്നതുകൊണ്ട് ആകെ പ്രവൃത്തിമൂല്യത്തിൽ കുറവ് ഉണ്ടാകും എന്ന് തെളിയിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഈ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. കൂടാതെ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ ആകെ പ്രവൃത്തിമൂല്യം കൂടുകയാണ് ചെയ്തിട്ടുള്ളത്. IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികൾ നടത്തിയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ 3,82,149 രൂപയുടെ നഷ്ടം പ്രവൃത്തി നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-3** റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്യുന്നു. പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ നഷ്ടം വരാൻ സാധ്യത

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പിലാക്കിയ ആകെയുള്ള 31റോഡ് പ്രവൃത്തികളിൽ 8 റോഡ് പ്രവൃത്തികൾ പൂർണ്ണമാക്കാതെ ഭാഗികമായി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചിട്ടുണ്ട്. സബ് ബേസ് മെറ്റലിംഗ്, മെറ്റലിംഗ്, പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് എന്നിവ ചെയ്ത് റോഡ് പൂർണ്ണമാക്കാതെ സബ് ബേസ് സോളിംഗ് വരെ മാത്രമായോ മെറ്റലിംഗ് വരെ മാത്രമായോ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം,പേര് | സോളിംഗ്/മെറ്റലിംഗ് ചെയ്തതിന്റെ അളവ് | ചെലവ് വിവരം |
|---|---|---|---|
| 1. | 56/16,നരിക്കുന്ന് അംഗനവാടി ആയാടത്തിൽ മുക്ക് ഒളവിൽ താഴ റോഡ്, | 340മീ X 3.30 മീ | എംബുക്ക്നം.136/15-16, ചെലവ്-6,44,070രൂപ ചെക്ക്നം. 287420/31.03.2016 |
| 2. | S0059/16, കൊമ്മിളിമുക്ക് കുറുങ്ങോട്ട് താഴ റോഡ്. | 290മീ X 3.20മീ | എംബുക്ക്നം69/14-15. ചെലവ്-2,99,835രൂപ ചെക്ക്നം 285287/19.02.2016 |

| | | | |
|---|---|---|---|
| 3. | 60/16, ഒന്തത്ത്മുക്ക് പോലീസ് ക്വാർട്ടേഴ്സ് റോഡ്, | 250മീ X 3.10മീ | എംബുക്ക്നം. 113/15-16 ചെലവ്-2,46,195രൂപ ചെക്ക്നം 285576/26.02.2016 |
| 4. | 63/16, പൊയിൽമുക്ക് തുണ്ടിയിൽ മുക്ക് റോഡ് സോളിംഗ്, | 535മീ X 3.20മീ | എംബുക്ക്നം.55/14-15. ചെലവ്-4,96,231രൂപ ചെക്ക്നം 286542/19.02.16 |
| 5. | 64/16, നടുക്കണ്ടിതാഴ തുണ്ടിയിൽ മുക്ക് റോഡ്. | 350മീ X 3.മീ | എംബുക്ക്നം.107/15-16 ചെലവ്-2,92,202രൂപ ചെക്ക്നം.809835/2.02.16 |
| 6. | 71/16, അരയാക്കണ്ടി മഠം എടക്കണ്ടിതാഴ റോഡ്. | 136മീ X 3.20മീ | എംബുക്ക്നം.57/14-15 ചെലവ്-3,77,879രൂപ ചെക്ക്നം.----/21.12.16 |
| 7. | 58/16, എടവങ്കേരി ലക്ഷം വീട് ചേലോറ്റുമ്മൽ റോഡ് | 31മീ X 3.10മീ | എംബുക്ക്നം.117/15-16 ചെലവ്-49,468രൂപ ചെക്ക്നം.------- |
| 8. | 17/16, പുത്തൻ പുരയിൽമുക്ക് അയനിക്കണ്ടിമുക്ക് റോഡ്, | 285മീ X 3.20മീ | എംബുക്ക്നം70/14-15. ചെലവ്-2,92,897രൂപ ചെക്ക്നം. 809767/03.02.2016 |

മേൽ പറഞ്ഞവയിൽ തുടർ പ്രവൃത്തികൾ തുടർച്ചയായി ചെയ്യില്ലെങ്കിൽ റോഡ് പൊട്ടിപൊളിഞ്ഞുപോകാനിടവരും. സബ് ബേസ് മെറ്റലിംഗം(സോളിംഗ്) ബേസ് മെറ്റലിംഗം ഒരുമിച്ച് ചെയ്യാതെ സബ് ബേസ് മെറ്റലിംഗ് മാത്രം ചെയ്യുന്നതാണ് റോഡ് നിലനിൽക്കാത്തതിന് കാരണം. വർഷങ്ങൾക്ക ശേഷം റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്ന അവസരത്തിൽ വീണ്ടും സബ് ബേസ് സോളിംഗ്, മെറ്റലിംഗ് എന്നിവ ചെയ്യേണ്ടി വരുമെന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവ് വരാൻ സാധ്യതയുണ്ട്. റോഡ് പൂർണ്ണമായി നിർമ്മിക്കാതെ ഭാഗികമായി ചെയ്യുന്ന രീതി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മൂല്യവർദ്ധിത നികുതി ഈടാക്കിയതിൽ കുറവ് - സർക്കാർ ഖജനാവിന് 65,323/-രൂപയുടെ നഷ്ടം

കേരള മൂല്യ വർദ്ധിത നിയമം-2003, വകുപ്പ് 8 പ്രകാരം നികുതി കോമ്പൗണ്ട് ചെയ്ത കരാറുകാരുടെ കാര്യത്തിൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ 4% "വാറ്റ്" സർക്കാരിലേക്ക് ഒടുക്കിയാൽ മതിയാകുന്നതാണ്. അല്ലാത്തപക്ഷം 5% അടവാക്കേണ്ടതുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ, വാണിജ്യ നികുതി വകുപ്പിൽ നിന്നുള്ള കോമ്പൗണ്ട് ചെയ്ത 7 കരാറുകാരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ശ്രീ. കുമാരൻ.കെ, ശ്രീ. രാഘവൻ.എൻ, ശ്രീ. പ്രേമൻ എം.പി എന്നീ കരാറുകാരുടെ 2014-15 വർഷത്തെ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയത്. 2015-16 വർഷത്തിൽ നികുതി കോമ്പൗണ്ട് ചെയ്യാത്ത താഴെ പറയുന്ന കരാറുകാരിൽ നിന്നും 4% മാത്രമാണ് നികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയത്. വിശദാംശം താഴെ

കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്, നം, എം.ബുക്ക് നം, പ്രവൃത്തിമൂല്യം, ചെക്ക് നം. | കരാറുകാരന്റെ പേര് | ഈടാക്കേണ്ട നികുതി (5%) | ഈടാക്കിയ നി കുതി(4%) | നികുതി ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 1. | ഒന്തത്ത്മുക്ക് പോലീസ് ക്വാർട്ടേഴ്സ് റോഡ്, 60/16, എംബുക്ക്നം. 113/15-16, 2,46,195/-, ചെക്ക്നം 285576/26.02.2016 | മൊയ്തു | 12,310 | 9,848 | 2,462 |
| 2. | എടവങ്കേരി ലക്ഷം വീട് ചേലോറ്റുമ്മൽ റോഡ്, 58/16, എംബുക്ക്നം.117/15-16, 49,468രൂപ ചെക്ക്നം.------- | എൻ. രാഘവൻ | 2,473 | 1,979 | 494 |
| 3. | കൊമ്മിളിമുക്ക് കുറുങ്ങോട്ട് താഴ റോഡ്. S0059/16. എംബുക്ക്നം69/14-15, 2,99,835/- ചെക്ക്നം 285287/19.02.2016 | കെ.കുമാരൻ | 14,992 | 11,993 | 2,999 |
| 4. | നരിക്കുന്ന് അംഗൻവാടി-ആയാടത്തിൽമുക്ക് ഒളവിൽ താഴ റോഡ് സോളിംഗ്, S056/16. എംബുക്ക്നം. 136/15-16, 6,44,070 ചെക്ക്നം 287420/31.03.2016 | എൻ. രാഘവൻ | 32,204 | 25,763 | 6,441 |
| 5. | പുത്തൻ പുരയിൽമുക്ക് അയനിക്കണ്ടിമുക്ക് റോഡ്, S0017/16, എംബുക്ക്നം. 70/14-15, 2,92,897/-, ചെക്ക്നം 809767/03.02.2016 | എൻ. രാഘവൻ | 14,645 | 11,716 | 2,929 |
| 6. | പനാടമുക്ക് കാഞ്ഞിരമുക്ക് റോഡ് പ്രോ.നം: 75/16, എം.ബുക്ക് നം. 120,125/15-16, 198,335, ചെക്ക് നം........ | എൻ. രാഘവൻ | 9,917 | 7,933 | 1,984 |

| | | | | | |
|---|---|---|---|---|---|
| 7. | കളമുള്ളതിൽ മുക്ക് അയ്യപ്പൻ കാവിൽ റോഡ്<br>പ്രോ.നം: 100/16, എം.ബുക്ക് നം. 112/15-16, 4,20,244<br>ഡി.ഡി നം.<br>287427/31.03.16 | OLCCOS, ഓർക്കാട്ടേരി | 21,012 | 16,810 | 4,202 |
| 8. | ചുണ്ടയിൽ തെരു ചെട്ട്യാം വീട്ടിൽ റോഡ് ടാറിംഗ്,<br>പ്രോ.നം: 71/16, എം.ബുക്ക് നം. 111/15-16, 3,00,000/- ഡി.ഡി നം. 286421/19.3.16 | കെ.ടി.കെ ബാബു | 15,000 | 12,000 | 3,000 |
| 9. | മാടപ്പൊയിൽമുക്ക് പടിഞ്ഞാറെ പൂക്കോട് റോഡ് ടാറിംഗ്<br>പ്രോ.നം: 65/16, എം.ബുക്ക് നം. 124/15-16,<br>4,00,000 ചെക്ക് നം. 287425/31.3.16 | കെ.ടി.കെ ബാബു | 20,000 | 16,000 | 4,000 |
| 10. | അംശകച്ചേരി നടേമ്മൽ പീടിക റോഡ്, 101/16, എം.ബുക്ക് നം. 114/15-16, 1,68,518/-, ചെക്ക് നം. 287431/31.03.2016 | OLCCOS Ltd, ഓർക്കാട്ടേരി | 8,426 | 6,741 | 1,685 |
| 11, | പുതുക്കടിമുക്ക് തോട്ടത്തിൽ താഴ റോഡ്,<br>പ്രോ.നം: 66/16, എം.ബുക്ക് നം. 106/15-16, 6,49,443/- ഡി.ഡി നം .287428/31.03.16 | എൻ. രാഘവൻ | 32,472 | 25,978 | 6,494 |
| 12. | ഇരിങ്ങണ്ണൂർ ഹൈസ്കൂൾ റോഡ് ടാറിംഗ്, പ്രോ.നം: 67/16, | പ്രശോഭൻ | 24,791 | 19,833 | 4,958 |

| | | | | | |
|---|---|---|---|---|---|
| | എം.ബുക്ക് നം. 118/15-16, 4,95,826/- രൂപ ഡി.ഡി നം. 285292/19.02.16 | | | | |
| 13. | കാനോത്ത് മുക്ക് നടേമ്മൽ പീടിക റോഡ്, 34/16, എം.ബുക്ക് നം. 83/13-14, 9,91,444/-, ചെക്ക് നം.287030/30.03.2016 | OLCCOS Ltd, ഓർക്കാട്ടേരി | 49,572 | 39,658 | 9,914 |
| 14. | കാനോത്ത് മുക്ക് ഇഞ്ചികുറുങ്ങോട്ട് റോഡ്, 41/16, എം.ബുക്ക് നം. 43/13-14, 1,48,392/-, ചെക്ക് നം.......... | OLCCOS Ltd, ഓർക്കാട്ടേരി | 7,420 | 5,936 | 1,484 |
| 15. | ആയുർ ആശുപത്രിക്ക് ഷീറ്റിടൽ, 97/16, എം.ബുക്ക് നം.115/15-16, 95,082/- ചെക്ക് നം. 285626/29.02.2016 | പ്രേമൻ. പി | 4,754 | 3,803 | 951 |
| 16. | ഇരിങ്ങണ്ണൂർ കായപ്പനച്ചി സബ് സെന്റർ അറ്റകുറ്റപണികൾ, 99/16, എം.ബുക്ക് നം.125/15-16, 87,714, ചെക്ക് നം. 287429/31.03.2016 | കെ.കുമാരൻ | 4,386 | 3,509 | 877 |
| 17. | ഇരിങ്ങണ്ണൂർ സാംസ്കാരിക നിലയം അറ്റകുറ്റപണികൾ, 94/16, എം.ബുക്ക് നം. 119/15-16, 93,230/-, ചെക്ക് നം. വ്യക്തമല്ല. | കെ.കുമാരൻ | 4,662 | 3,729 | 933 |
| 18. | പി.എച്ച്.സി കെട്ടിടത്തിന് മുന്നിൽ ഷീറ്റിടൽ, 118/15, എം.ബുക്ക് നം. 84/13-14, 2,55,422/-, ചെക്ക് നം. ഫയലിൽ ലഭ്യമല്ല. | കെ.കുമാരൻ | 12,771 | 10,217 | 2,554 |
| 19. | പി.എച്ച്.സി അറ്റകുറ്റപണികൾ, 73/15, എം.ബുക്ക് നം. | കെ.കുമാരൻ | 6,268 | 5,015 | 1,253 |

| | | | | | |
|---|---|---|---|---|---|
| | 82/13-14, 1,25,368/-, ചെക്ക് നം. 727920/ 05.10.2015 | | | | |
| 20. | കമ്മ്യൂണിറ്റി ഹാൾ റിപ്പയർ, 39/15, എം.ബുക്ക് നം. 53/14-15, 71,893/-, ചെക്ക് നം.726540/ 09.09.2015 | കെ.കുമാരൻ | 3,595 | 2,876 | 719 |
| 21. | പഞ്ചായത്ത് ഓഫീസ് റീവയറിംഗ്, 78/15, എം.ബുക്ക് നം. 85/13-14, 2,85,090/-, ചെക്ക് നം. | കെ.വി ഗോപകുമാർ | 14,255 | 11,404 | 2,851 |
| 22. | കമ്മ്യൂണിറ്റി ഹാൾ റീവയറിംഗ്, 79/15, എം.ബുക്ക് നം. 77/13-14, 2,58,425/-, ചെക്ക് നം. 725327/ 04.08.2015 | കെ.വി ഗോപകുമാർ | 12,921 | 10,337 | 2,584 |
| ആകെ | | | 3,28,246 | 2,63,078 | 65,768 |

മൂല്യവർദ്ധിത നികുതി ഈടാക്കിയതിൽ കുറവ് വന്ന 65,768/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## 3-5 ജൈവ പച്ചക്കറി വികസനം - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 119 / 16 |
| പ്രോജക്ടിന്റെ പേര് | ജൈവ പച്ചക്കറി വികസനം |

പച്ചക്കറി കൃഷിക്ക് ആവശ്യമായ ജൈവവളവും കൂലിച്ചെലവിന് സബ്സിഡിയും വിതരണം ചെയ്യുന്നതാണ് പദ്ധതി. എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വളം ഡിപ്പോ മുഖേനയാണ് വളം വിതരണം ചെയ്തത്. പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ഫണ്ട് | വികസനഫണ്ട്.(പൊതുവിഭാഗം സാധാരണം) |
| വകയിരുത്തിയ തുക | 266666 രൂ |
| ചെലവ് | 266666 രൂ |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ | EKBJ 3/15-16 തിയ്യതി 19.03.2016 |
| ബിൽ തുക | 266666 രൂ |
| വളം വിതരണം ചെയ്ത സഹകരണ ബാങ്കിന് കൈമാറിയ തുക | 120833 രൂപ (ഡിഡി നമ്പർ 287120/31.03.2016) |

എടച്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ 744/17.03.2016 നമ്പർ ബിൽ പ്രകാരം ആകെ 5753.95 കിലോഗ്രാം ബയോമീൽ എന്ന ജൈവവളമാണ് കിലോയ്ക്ക് 21 രൂപ നിരക്കിൽ 120833 രൂപക്ക് വാങ്ങിയത്. ആകെ 34 സംഘങ്ങൾക്കാണ് വളം വിതരണം ചെയ്തത്.

16.11.2013 ലെ സ.ഉ.(എം.എസ്)നമ്പർ 362/2013/തസ്വഭവ അനുബന്ധം16 ഖണ്ഡിക 3.1 പ്രകാരം ജൈവവളത്തിന് 75% ആണ് അനുവദനീയമായ സബ്സിഡി നിരക്ക്. അതായത് 90625 രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത് (120833x75%).എന്നാൽ ഇതിനുപകരം 96666 രൂപയാണ് (120833 രൂപ – 24167 രൂപ ഗുണഭോക്തൃവിഹിതം ) വളം വിതരണം ചെയ്ത ഏജൻസിക്ക് വികസനഫണ്ടിൽ നിന്നും കൈമാറിയത്. കൈമാറിയ ആകെ തുകക്ക് ബാങ്കിൽ നിന്നും 05.04.2016 തിയ്യതിയോടെ രശീത് ലഭിച്ചിട്ടുമുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി 6041 രൂപ (96666 – 90625 ) സബ്സിഡി ഇനത്തിൽ അധികം നല്കിയത് ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ക്ഷീര ഗ്രാമം - വനിതകൾക്ക് കറവപ്പശു നൽകൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പശു വളർത്തൽ വഴി ക്ഷീരസംഘത്തിൽ പാലളക്കുന്ന 50 വനിതകൾക്ക് പ്രതിമാസം 3000 രൂപ വരുമാനം ഉറപ്പുവരുത്തുവാനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പദ്ധതിയിൽ പശുവിനെ വാങ്ങാൻ 39 സ്ത്രീകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പദ്ധതി നം | 120/2016 | |
| അടങ്കൽ | പൊതു വിഭാഗം വികസനഫണ്ട് | 7,50,000 |
| | വായ്പ | 7,50,000 |
| | ആകെ | 15,00,000 |
| ചെലവഴിച്ചത് | ബിൽ നം. 2/15-16 24.08.2015 | 585000 |
| | ഡി ഡി നം 286870/29.03.2016- എടച്ചേരി സർവീസ് സഹകരണ ബേങ്ക് | 60000 |
| | ഡി ഡി നം 286871/29.03.2016 കോർപറേഷൻ ബാങ്ക് ഇരിങ്ങണ്ണൂർ | 210000* |
| | ഡി ഡി നം 286872/29.03.2016 ഇരിങ്ങണ്ണൂർ സർവീസ് സഹകരണ ബേങ്ക് | 75000 |
| | ഡി ഡി നം 286873/29.03.2016 കേരള ഗ്രാമീൺ ബാങ്ക് എടച്ചേരി | 255000 |
| | ഗുണഭോക്താക്കളുടെ വായ്പാ വിഹിതം | 585000 |
| | ആകെ | 11,70,000 |

( *ഈ തുകയിൽ എസ് സി വനിതകൾക്ക് പശുവിതരണം എന്ന പദ്ധതിയുടെ സബ്സിഡി തുകയായ 15000 രൂപ

കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

1. കേരള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ (കൈ) നം 362/2013 ത.സ്വ.ഭ.വ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിലെ അനുബന്ധം 16 ലെ 3.2.1 പ്രകാരം കുടുംബ വാർഷിക വരുമാനം 50,000 ൽ താഴെ ഉള്ളവർക്കേ കറവപ്പശു പദ്ധതിയിൽ ആനുകൂല്യത്തിനു അർഹതയുള്ളൂ . ഇതേ ഉത്തരവിലെ അനുബന്ധം 16 ലെ ക്രമ നം 2.14 (iii) പ്രകാരം ഓടിട്ടതോ കോൺക്രീറ്റ് കൊണ്ടുള്ളതോ രണ്ടും കൂടിയുള്ളതോ ആയ 100 മീറ്ററിലധികം വിസ്തീർണമുള്ള കെട്ടിടം ഉടമസ്ഥതയിലുള്ളവരെ 50000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരായി കണക്കാക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഈ വ്യവസ്ഥ ലംഘിച്ച് ചിലർക്ക് കറവപ്പശുവിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഉദാഹരണം താഴെ നൽകുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കെട്ടിട നം | വിസ്തീർണം (ച.മീ) |
|---|---|---|---|
| 1. | നഫീസ ചെറുവലത്ത് | 16/348 | 253.7 |
| 2. | കദീശ താഴെ വട്ടോളി | 16/316 എ | 245 |
| 3. | അജിത ആക്കലക്കണ്ടി | 17/49 | 147 |
| 4. | ജാനു കായലു കുന്നുമ്മൽ | 3/117 | 135 |
| 5. | ശാന്ത എളങ്ങോത്ത് | 14/63 | 162 |
| 6. | കല്യാണി ചെവിടന്റെ വിട | 8/381 | 171 |
| 7. | വനജ കിഴക്കയിൽ | 14/215എ | 151 |

2. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിലെ അനുബന്ധം 16 ലെ 3.2.1 പ്രകാരം പർച്ചേഴ്സ് നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന ഒരു സമിതിയായിരിക്കണം പശുവിനെ വാങ്ങേണ്ടതെന്നാണ് വ്യവസ്ഥ. എന്നാൽ ഓരോ ഗുണഭോക്താവും ഹാജരാക്കിയ പശുവിനെ വെറ്ററിനറി സർജൻ പരിശോധിച്ച് സബ്സിഡി അനുവദിക്കുകയാണ് ചെയ്തത്.

3. മേൽ മാർഗരേഖ പ്രകാരം ഈ പദ്ധതിക്ക് സബ്സിഡി അനുവദിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് പതിനൊന്നാം പദ്ധതി കാലത്ത് ഇതേ ഇനത്തിന് സബ്സിഡി ലഭിച്ചിട്ടില്ല എന്നുറപ്പ് വരുത്തണം. എന്നാൽ പദ്ധതിയുടെ കാര്യത്തിൽ ഇക്കാര്യം ഉറപ്പുവരുത്തിയിട്ടില്ല.

4. സബ്സിഡി നൽകപ്പെട്ട ഗുണഭോക്താക്കൾ ക്ഷീരസംഘത്തിൽ പാലളക്കുന്നവരാണെന്നു ഉറപ്പു വരുത്തിയിട്ടില്ല.

5. താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോ വീട്ടു നമ്പറോ ലഭിക്കാത്തതിനാൽ ആനുകൂല്യത്തിനു അർഹരാണോ എന്നു പരിശോധിക്കാൻ സാധിച്ചിട്ടില്ല.

- ബീന പൂക്കോട്ടും കുനി
- കദീശ നസീറ മൻസിൽ
- ജാനു മാരാങ്കണ്ടി താഴെ കുനി
- സുമതി കാഞ്ഞിരോളി കണ്ടി

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം 1,5 എന്നീ ഖണ്ഡികയിൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക 165000/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-7 ഇ.എം.എസ് ഭവന പദ്ധതി - അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണത്തിൽ വീട് പണിതു.

ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിലെ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീ. രയരോത്ത് നാണു എന്നവർ ഭവന നിർമ്മാണത്തിന് പഞ്ചായത്തുമായി കരാർ വെയ്ക്കുകയും നിർമ്മാണം ആരംഭിച്ച് രണ്ടു ഗഡുക്കളിലായി 1,40,000 രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യഗസ്ഥനായ വി.ഇ.ഒ യുടെ പരിശോധനയിൽ വീടിന്റെ വിസ്തീർണ്ണം 102 ച.മീ ഉണ്ടെന്ന് കണ്ടെത്തി. ജി.ഒ (എം.എസ്) 83/2013 തസ്വഭവ/11.03.2013 പ്രകാരം തറ വിസ്തീർണ്ണത്തിന് ഉയർന്ന പരിധി 60 ച.മീ എന്നത് ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ, പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10 ശതമാനം വരെ ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകാവുന്നതാണ്. അതായത് പരമാവധി 66 ച.മീ. അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണത്തിൽ വീട് പണിത സാഹചര്യത്തിൽ പിന്നീടുള്ള ഗഡുക്കൾ അനുവദിക്കുകയുണ്ടായില്ല. ആയത് അനുവദിച്ച് നൽകുന്നതിനുള്ള അനുമതിക്കായി ശ്രീ. നാണു സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ ഭരണസമിതി തീരുമാനിച്ചു(നം.07/04.09.2015). മേൽ അനുമതിക്കായി അപേക്ഷ 23.09.2015 ന് സർക്കാരിലേക്ക് അയച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 28.01.2016 ലെ 374446/ഡിബി1/15/തസ്വഭവ മറുപടിക്കത്തിൽ തറ വിസ്തീർണ്ണം കൂടിയതിനാൽ തുടർ ഗഡുക്കൾ നൽകേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു. ആയതിനാൽ ശ്രീ.നാണുവിനെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-8 ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള ഗ്രാന്റ് - വിനിയോഗ വിവരം വ്യക്തമല്ല.

എം.എൻ ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനനിർമ്മാണ ബോർഡിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. ആയത് ലഭിച്ച വർഷം, ഗ്രാന്റ് തുക എന്നിവയുടെ വിവരം വ്യക്തമല്ല. പരിശോധനയ്ക്ക് ഹാജരാക്കിയ എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പാസ്ബുക്ക് പ്രകാരം [ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും വി.ഇ.ഒ യുടെയും പേരിലുള്ള സംയുക്ത അക്കൗണ്ട്- നം.8633] 2,37,500 രൂപ 08.02.2010 ൽ മുന്നിരിപ്പായുണ്ടായിരുന്നു.. ഇതിൽ നിന്നും 2015-16 വർഷം 22,500 രൂപ ചെലവഴിച്ചു. 31.03.2016 ന് പലിശയുൾപ്പെടെ 2,64,660 രൂപ നീക്കിയിരിപ്പുമുണ്ട്. മേൽ പറഞ്ഞ ഗ്രാന്റിൽ നിന്നും ശ്രീ. ബാബു, വേങ്ങോട് എന്നവർക്ക് മാത്രമേ ആനുകൂല്യം നൽകാൻ ബാക്കിയുള്ളു എന്ന് വി.ഇ.ഒ യോടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. 10.04.2012 ന് 29,750 രൂപയും 21.03.2015 ന് 22,750 രൂപയും രണ്ട് ഗഡുക്കളായി മേൽ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. ടിയാന് ബാക്കി നൽകാനുള്ള തുക എത്രയാണെന്നും 2011-12 ൽ ആദ്യ ഗഡു നൽകിയിട്ടും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാതിരുന്നതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക ഭവന നിർമ്മാണ ബോർഡിന് നാളിതുവരെ തിരികെ ഒടുക്കിയില്ല. മുൻ കാലങ്ങളിൽ "മൈത്രി ഭവന പദ്ധതി" നടപ്പിലാക്കിയതിന്റെ ഭാഗമായി ഭവന നിർമ്മാണ ബോർഡിൽ നിന്ന് ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ലഭിക്കാനുണ്ടോ എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതും കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ മേൽ തുക ബോർഡുമായി തട്ടിക്കിഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതിയുടെ പേര്, നം | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്, 79/16 |
| അടങ്കൽ തുക | 2,25,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 2,25,000/- (1,50,000-ബിൽ നം. 8/31.03.2016), ബ്ലോക്ക് പഞ്ചായത്ത് വിഹിതം-37,500/- -ചെക്ക് നം. 748340/25.03.2016, ജില്ല പഞ്ചായത്ത് വിഹിതം- 37,500, ചെക്ക് നം. 748339/25.03.2016) |

ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ 37 വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ രീതിയിൽ പഞ്ചായത്ത് ഫണ്ട് പിൻവലിച്ച് സ്കോളർഷിപ്പായി വിതരണം നടത്തിയിട്ടുണ്ട്.

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം 16 ഖണ്ഡിക 5(8) പ്രകാരം മേൽ വിഭാഗത്തിൽപെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25എന്ന അനുപാതത്തിലാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. എന്നാൽ ആയതിനു പകരം 100:25:25 എന്ന അനുപാതത്തിലാണ് ഫണ്ട് വകയിരുത്തി ചെലവഴിച്ചത്. അതായത് ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതത്തിന് ആനുപാതികമായി വികസനഫണ്ട് 75,000 രൂപ വകയിരുത്തുന്നതിന് പകരം 1,50,000 രൂപയാണ് വകയിരുത്തിയത്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ച 75,000 (1,50,000- 75,000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 2 വൃദ്ധർക്കു ഊന്നുവടി നൽകാനായി മാത്രം പദ്ധതി നടപ്പിലാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജീവിക്കുന്ന വയോജനങ്ങൾക്ക് പരാശ്രയമില്ലാതെയും ഭയം കൂടാതെയും നടക്കാനും മെച്ചപ്പെട്ട ആരോഗ്യം ലഭിക്കാനുമായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | |
| പദ്ധതി പേര്/നമ്പർ | വൃദ്ധർക്ക് ഊന്നുവടി | 84/16 |
| ഭ.സ അംഗീകാരം | 02/2015 തീയതി 17.04.2015 | |
| അംഗീകാരം നം /അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | സി 2/285/15 തീയതി 25.05.2015/ഡോ എ രാധിക | |
| അടങ്കൽ | 1000 | തനത് ഫണ്ട് |
| ചെലവഴിച്ചത് | 998 | ചെക്ക്നം. 02042191/28.03.2016 998/- |
| | | ഡി ഡി നം 744494/13.04.2016 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 16.11.2013ലെ സ.ഉ (കൈ) നം. 362/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വൃദ്ധർക്ക് മരുന്നു കിറ്റ്, കമ്പിളി, കട്ടിലുകൾ, ഊന്നുവടി, മുതലായ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രൊജക്റ്റ് അനുവദനീയമല്ല എന്നു പ്രത്യേകം നിഷ്കർഷിച്ച പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്.

2. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന പദ്ധതികൾ സമഗ്രമായിരിക്കണമെന്നും ഗ്രാമപഞ്ചായത്തിനെ ഒറ്റ

യൂനിറ്റായി കണ്ടുകൊണ്ടായിരിക്കണമെന്നും മേൽ മാർഗരേഖയിൽ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കേവലം 2 വൃദ്ധരെ മാത്രം മുന്നിൽ കണ്ടാണ് പദ്ധതി രൂപീകരിച്ചതും നടപ്പിലാക്കിയതും.

3. ആർക്കൊക്കെയാണ് ഊന്നുവടി വിതരണം ചെയ്തതെന്നോ ഇവരെ എങ്ങനെയാണ് തിരഞ്ഞെടുത്തതെന്നോ എന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം 4/03.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

നടപ്പിലാക്കരുത് എന്ന മാർഗരേഖയിൽ വ്യക്തമായി നിർദേശിച്ച പദ്ധതി നടപ്പിലാക്കിയതിനാൽ ചിലവു തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 സാന്ത്വന ചികിൽസ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

എടച്ചേരി ഗ്രാമപഞ്ചായത്തിലെ ദീർഘ കാല ചികിൽസയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ഉദ്ദേശത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ കേരള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ (കൈ) നം 362/2013 ത.സ്വ.ഭ.വ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖ ഖണ്ഡിക 7 (ii) യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിയേറ്റിവ് പ്രവർത്തനങ്ങൾ നടത്തണമെന്ന നിഷ്കർഷിക്കുന്നുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | | |
|---|---|---|---|
| പദ്ധതി നം | 149/2016 | | |
| അടങ്കൽ | പൊതു വിഭാഗം വികസനഫണ്ട് | | 3,50,000 |
| ചെലവഴിച്ചത് | ബിൽ നം. 1/15-16 | 24.08.2015 | 79600 |
| | ബിൽ നം. 2/15-16 | 14.12.2015 | 39800 |
| | ബിൽ നം. 3/15-16 | 30.01.2016 | 56200 |
| | ബിൽ നം. 4/15-16 | 31.03.2016 | 15752 |
| | ബിൽ നം. 515-16 | 31.03.2016 | 41548 |
| | ബിൽ നം. 7/15-16 | 31.03.2016 | 117000 |
| | ആകെ | | 349900 |

കേരള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ (കൈ) നം 362/2013 ത.സ്വ.ഭ.വ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖ ഖണ്ഡിക 7 (ii) യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിയേറ്റിവ് പ്രവർത്തനങ്ങൾ നടത്തണമെന്ന നിഷ്കർഷിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് എടച്ചേരി ഗ്രാമപഞ്ചായത്തിൽ സാന്ത്വന ചികിൽസ എന്ന പേരിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്.

താഴെ പറയുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കേണ്ടത്.

1. സ.ഉ (കൈ) നം.228/2012/ത.സ്വ.ഭ.വ തീയതി 23.08.2012 (2015 ഒക്ടോബർ 28 വരെ പ്രാബല്യം)

2. സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ പ്രാബല്യം)

എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയിൽ മേൽ ഉത്തരവുകളിലെ ചില നിർദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ താഴെ നൽകുന്നു.

1. പട്ടിക പ്രസിദ്ധപ്പെടുത്തിയില്ല

സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയുടെ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഉത്തരവ് തീയതി കഴിഞ്ഞ് 60 ന ശേഷം പാലിയേറ്റിവ് പദ്ധതിയിൽ നിന്നു തുക ചിലവഴിക്കരുതെന്നും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

2. ഭക്ഷണ ചിലവ് പരിധി മറികടക്കുന്നു.

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ദിവസങ്ങളിൽ ഭക്ഷണ ഇനത്തിൽ ഒരു സന്നദ്ധ പ്രവർത്തകനു/പ്രവർത്തകയ്ക്ക് 60 രൂപ തോതിൽ പരമാവധി 3 പേർക്കേ തുക ചിലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഉത്തരവ് തീയതിക്കു ശേഷവും സന്നദ്ധ പ്രവർത്തകരല്ലാത്തവരുടെ ഭക്ഷണച്ചെലവുൾപ്പെടെ പ്രതിദിന ഭക്ഷണ ഇനത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

3. യോഗം വിളിച്ചില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.2.2(1) സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വിധ ആരോഗ്യപ്രവർത്തകരെയും, എൻ എസ് എസ്- എൻ സി സി - എസ് പി സി കേഡറ്റ്മാരെയും വിളിച്ചുകൂട്ടി യോഗം വിളിക്കണമെന്നുണ്ടെങ്കിലും നടത്തിയിട്ടില്ല. കൂടാതെ ഇതേ ഉത്തരവിലെ ഖണ്ഡിക 2.2.3 പ്രകാരം അടുത്ത ഒരു വർഷത്തേക്കുള്ള ഹോം കെയർ ടീം രൂപീകരിക്കണമെന്നുണ്ടെങ്കിലും ആയത് രൂപീകരിച്ചിട്ടില്ല.

4. പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി

രണ്ടാം ഉത്തരവ് ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട മേൽ പറഞ്ഞ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

5. ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ പിറ്റേന്നോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6. ഹോണറേറിയം സമയ പരിധിക്കുള്ളിൽ നൽകുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.8.11 പ്രകാരം പാലിയേറ്റിവ് നഴ്സിന ജോലി ചെയ്തതിന്റെ അടുത്ത മാസം 10 നകം ഓണറേറിയം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ജോലി ചെയ്ത മാസം | ഓണറേറിയം നൽകാനായി തുക പിൻവലിച്ച തീയതി |
|---|---|
| 04/15,05/15,06/15,07/15 | 24.08.2015 |
| 08/15,09/15 | 14.12.2015 |
| 10/15,11/15,12/15 | 30.01.2016 |

7. ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല

രണ്ടാം ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചിലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല.

8. പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി ചേരുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മാസത്തിലൊരിക്കലും ഒന്നാം ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മൂന്ന് മാസത്തിലൊരിക്കലും ചേരേണ്ട പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ഓഡിറ്റ് വർഷം ആകെ 2 തവണ

മാത്രമാണ് ചേർന്നത്. ചേർന്ന യോഗങ്ങളിൽ പ്രതിമാസവരവ് ചിലവ് കണക്കോ പ്രവർത്തന റിപ്പോർട്ടോ അവതരിപ്പിച്ചതിന്റെ വിശദാംശങ്ങൾ കാണുന്നില്ല.

9. ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രദ്ധിച്ചില്ല

പാലിയേറ്റിവ് പദ്ധതിയിലുൾപ്പെടുത്തി പരിചരണം ലഭ്യമാക്കി വരുന്ന ശ്രീമതി നാരായണി മീത്തലെ പുതിയെടുത്ത് (കെട്ടിട നം 13/218) എന്നവരുടെ വീട് ശോചനീയാവസ്ഥയിലാണെന്നാണെന്നാണ് പാലിയേറ്റിവ് നഴ്സിനോട് അന്വേഷിച്ചപ്പോൾ മനസിലാക്കാൻ സാധിച്ചത്. എന്നാൽ ഇവരുടെ ഭവനം സുരക്ഷിതമാക്കുന്നതിലേക്കായി നിലവിലുള്ള സംവിധാനങ്ങളോ പദ്ധതികളോ പ്രയോജനപ്പെടുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിച്ചതായി കാണുന്നില്ല.

വൗച്ചർ ഹാജരാക്കിയില്ല

പാലിയേറ്റിവ് പദ്ധതിക്കായി ബിൽ നം 4,5 പ്രകാരം പിൻവലിച്ച 57300 രൂപ ചിലവഴിച്ചതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിനു ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1 /03.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ 57300 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-12 എയ്ഡഡ് സ്കൂളുകളിലേക്ക് പ്രഥമ ശുശ്രൂഷ കിറ്റ് നൽകാനായി പദ്ധതി നടപ്പിലാക്കി

സർക്കാർ പ്രാഥമിക വിദ്യാലയങ്ങളൊന്നും സ്ഥിതി ചെയ്യാത്ത ഗ്രാമപഞ്ചായത്തിലെ 11 എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങളിലേക്ക് ഫസ്റ്റ് ഏയ്ഡ് കിറ്റ് വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കാഡ്കോയിൽ നിന്നാണ് കിറ്റ് വാങ്ങിയിരിക്കുന്നത്.വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | |
| പദ്ധതി പേര്/നമ്പർ | സ്കൂളുകളിലേക്ക് പ്രഥമ ശുശ്രൂഷ കിറ്റ് | 85/16 |
| ഭ.സ അംഗീകാരം | 02/2015 തീയതി 17.04.2015 | |
| അംഗീകാരം നം /അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | സി 2/285/15 തീയതി 25.05.2015/ഡോ എ രാധിക | |
| അടങ്കൽ | 11000 | തനത് ഫണ്ട് |
| ചെലവഴിച്ചത് | 10973 | ചെക്ക് നം 02042190/28.03.2016 10973/- |
| | | ഡി ഡി നം 744495/06.04.2016 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

- സർക്കാർ പ്രൈമറി വിദ്യാലയങ്ങളൊന്നും പ്രവർത്തിക്കാത്ത ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള പ്രൈമറി വിദ്യാലയങ്ങൾക്കാണ് ഫസ്റ്റ് ഏയ്ഡ് കിറ്റ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166ഉപവകുപ്പ് (1) പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. ഇതിൽ നിന്നും വ്യതിചലിച്ചാണ് സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന വിദ്യാലയങ്ങളിലേക്കും ഫസ്റ്റ് ഏയ്ഡ് കിറ്റുകൾ വാങ്ങി വിതരണം നടത്തിയത്.

- ഫസ്റ്റ് ഏയ്ഡ് കിറ്റിൽ ആവശ്യമായ ഇനങ്ങൾ ഏതെല്ലാമാണെന്ന് രേഖപ്പെടുത്തിയ മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
- ഫസ്റ്റ് ഏയ്ഡ് കിറ്റുകൾ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകർ കൈപ്പറ്റിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു ( നം. 2/03.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചിലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-13 ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ സാന്ത്വന ചികിൽസ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ കാഡ്കോയിൽ നിന്നും വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | | | | |
|---|---|---|---|---|---|
| നിർവ്വഹണം | | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | | | |
| പദ്ധതി പേര്/നമ്പർ | | സാന്ത്വന ചികിൽസ | | 149/2016 | |
| അടങ്കൽ | | പൊതു വിഭാഗം വികസനഫണ്ട് | | 3,50,000 | |
| ഉപകരണം വാങ്ങാനായി തുക ചെലവഴിച്ചത് | | 117000/- | | ബിൽ നം. 7/15-16 31.03.2016 | |
| | | | | ഡി ഡി നം. 287790/06.04.2016 | |
| ഉപകരണങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | | |
| ക്രമ നം | ഉപകരണം | എണ്ണം | യൂനിറ്റ് വില | നികുതി | നികുതിയുൾപ്പെടെ ആകെ വില |
| 1 | എയർ ബെഡ് | 10 | 3800 | 1900 | 39900 |
| 2 | വാക്കർ ഫോൾഡിംഗ് | 05 | 1900 | 475 | 9975 |
| 3 | വാക്കി സ്റ്റിക്ക് | 10 | 475 | 238 | 4988 |
| 4 | വീൽ ചെയർ ഫോൾഡിംഗ് | 08 | 3800 | - | 30400 |
| 5 | ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് | 300 | 32 | 480 | 10080 |
| 6 | എ4 പേപ്പർ | 2 | 200 | - | 400 |

| | | | | | |
|---|---|---|---|---|---|
| 7 | കമ്മോഡ് ചെയർ | 5 | 4049 | 1012 | 21257 |
| ആകെ | | | | | 117000 |

മേൽ സാധനങ്ങൾ ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതാണ്. താഴെ പറയുന്ന ഉത്തരവുകളിലാണ് കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാനനുവാദമുള്ള സാധനങ്ങളുടെ ലിസ്റ്റ് സർക്കാർ 2015-16 കാലയളവിലും ബാധകമാവുന്ന രീതിയിൽ പുതുക്കിയിരിക്കുന്നത്.

1. സ.ഉ (സാധാ) നം. 60/2014/എസ്.പി.ഡി തീയതി 10.10.2014

2. സ.ഉ (സാധാ) നം. 39/2015/എസ്.പി.ഡി തീയതി 30.06.2015

3. സ.ഉ (സാധാ) നം. 63/2015/എസ്.പി.ഡി തീയതി 17.11.2015

മെഡിക്കൽ ഉപകരണങ്ങൾ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാനുള്ള അനുവാദം മേൽ ഉത്തരവുകളിലൊന്നും നൽകുന്നില്ല. മേൽ ഉൽപന്നങ്ങൾ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാനനുവദിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കുകയോ അപാകതക്ക് വിശദീകരണം നൽകുകയോ ചെയ്യാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു ( നം. 3/03.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-14 പണം മുൻകൂർ ആയി നൽകി - ഒന്നര വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര് : 102/16, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

ചെലവ് : 1,70,000/- (ഡി.ഡി. നം.727240/25.09.2015)

ഫണ്ടിനം : സംരക്ഷണ ഗ്രാന്റ് (റോഡിതരം)

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 1,70,000 രൂപ 25.09.2015 ന് മുൻകൂറായി ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. 27.07.2015 ലെ ഇൻഡൻഡ് പ്രകാരം മേൽതുകയ്ക്കുള്ള മരുന്നിന് ആവശ്യപ്പെട്ടെങ്കിലും 10.03.2016 നാണ് 1,03,750 രൂപയ്ക്കുള്ള മരുന്ന് ലഭിച്ചത്. ഒന്നര വർഷത്തിനു ശേഷവും ബാക്കി 66,250 (1,70,000-1,03,750) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിച്ചില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (14/09.01.2017) മറുപടിയിൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് കത്തുകൾ അയച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ കത്തുകളുടെ പകർപ്പുകളോ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-15 ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലേക്ക് വാങ്ങിയ കസേരകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തില്ല

2015 -16 വർഷത്തിൽ വികസനഫണ്ട് , തനത്ഫണ്ട് എന്നിവ ഉപയോഗിച്ച്പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് 185 കസേരകൾ വാങ്ങിയിട്ടുണ്ട്. നീൽകമൽ 2160 എന്ന മോഡൽ കസേരകളാണ് (വാറ്റ് ഒഴികെ ) 519 രൂപ നിരക്കിൽ വാങ്ങിയത്. ചെലവിന്റെ മറ്റു വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 54 / 16 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേരകൾ വാങ്ങൽ |
| ഭരണാനുമതി | തീരുമാനം നമ്പർ 02/2015 തിയ്യതി 17.04.2015 |

| | |
|---|---|
| അംഗീകാരം നല്കിയത് | ശ്രീഎൻ.സുരേന്ദ്രൻ , ഡെപ്യൂട്ടി ഡയറക്ടർ , pau3/11edchr/15-16 തിയ്യതി 22.05.2015 ഉത്തരവ് പ്രകാരം |
| വികസന ഫണ്ടിൽ നിന്നും ചെലവ് | 1 ലക്ഷം രൂപ |
| ട്രഷറി ബിൽ നമ്പർ | 51 / 15-16 തിയ്യതി 30.11.2015 |
| ട്രഷറി ബിൽ തുക | 1 ലക്ഷം രൂപ |
| തനത്ഫണ്ടിൽ നിന്നും ചെലവ് | 9890 രൂപ |
| ചെക്ക് നമ്പർ , തുക | 02042010/04.01.2016 , 9890 രൂപ |
| ഇൻവോയ്സ് നമ്പർ ,തുക | 2 / 19.09.2015 , തുക 109937 രൂപ (15 ശതമാനം വാറ്റ് അടക്കം ) |
| കസേരകൾ വിതരണം ചെയ്ത ഏജൻസി | പി.വി എഞ്ചിനിയറിങ് വർക്സ് , മണൽവയൽ , കൈതപ്പൊയിൽ , കോഴിക്കോട് , 673586 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പഞ്ചായത്ത് സെക്രട്ടറി |

109890/- രൂപ കൈപ്പറ്റിയതിന് കസേര വിതരണം ചെയ്ത ഏജൻസിയിൽ നിന്നും രശീത് ലഭിച്ചിട്ടില്ല.കൂടാതെ കസേരകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 109890 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 തെരുവ് ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല

2015 – 16 വർഷത്തിൽ തെരുവ് ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ /തിയ്യതി | തുക (രൂ) |
|---|---|---|---|
| 1 | 4/15 | 21500074 / 24.04.2015 | 28438 |
| 2 | 5/15 | 21500149 / 26.05.2015 | 28438 |
| 3 | 6/15 | 21500213 / 27.06.2015 | 28438 |
| 4 | 7/15 | 21500278 / 22.07.2015 | 28438 |
| 5 | 8/15 | 21500344 / 25.08.2015 | 28438 |
| 6 | 9/15 | 21500401 / 15.09.2015 | 28438 |
| 7 | 10/15 | 21500483 / 12.10.2015 | 28438 |

| | | | |
|---|---|---|---|
| 8 | 11/15 | 21500574 / 25.11.2015 | 28438 |
| 9 | 12/15 | 21500662 / 23.12.2015 | 28438 |
| 10 | 1/16 | 21500768 / 25.01.2016 | 28438 |
| 11 | 2/16 | 21500877 / 23.02.2016 | 28438 |
| 12 | 3/16 | 21500984 / 21.03.2016 | 28438 |

തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന 2015 – 16 വർഷത്തിൽ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് നടത്തിയിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് ടാപ്പുകളുടെ എണ്ണത്തെക്കുറിച്ച് ധാരണയില്ലാതെ വെള്ളക്കരം അടച്ച പോരുന്ന രീതി ശരിയല്ല. അപാകത വിശദീകരിക്കേണ്ടതാണ്.341256 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-17** <u>തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയില്ല</u>

2015 – 16 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ അടച്ച തുകകളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ / തിയ്യതി | തുക (രൂപ) |
|---|---|---|---|
| 1 | 4/15 | 21500051/13.04.2015<br>21500052/13.04.2015 | 27982<br>975 |
| 2 | 5/15 | 21500124/15.05.2015<br>21500099/12.05.2015 | 27982<br>976 |
| 3 | 6/15 | 21500189/08.06.2015<br>21500169/03.06.2015 | 27982<br>976 |
| 4 | 7/15 | 21500255/14.07.2015<br>21500254/14.07.2015 | 27982<br>976 |
| 5 | 8/15 | 21500317/13.08.2015<br>21500306/06.08.2015 | 27982<br>976 |
| 6 | 9/15 | 21500387/11.09.2015<br>21500388/11.09.2015 | 27982<br>976 |
| 7 | 10/15 | 21500477/09.10.2015<br>21500482/12.10.2015 | 27982<br>976 |

| | | | |
|---|---|---|---|
| 8 | 11/15 | 21500561/17.11.2015<br>21500554/13.11.2015 | 27982<br>976 |
| 9 | 12/15 | 21500611/07.12.2015<br>21500612/07.12.2015 | 27982<br>976 |
| 10 | 1/16 | 21500710/14.01.2016<br>21500711/14.01.2016 | 27965<br>976 |
| 11 | 2/16 | 21500851/10.02.2016 | 28959<br>(27982 +977) |
| 12 | 3/16 | 21500931/14.03.2016<br>21500932/14.03.2016 | 27982<br>974 |

ഓരോ മാസത്തേയും വൈദ്യുത ചാർജ്ജ് തുകകളിൽ വലിയ തുക കൺസ്യൂമർ നമ്പർ 488 , ചെറുത് കൺസ്യൂമർ നമ്പർ 116671506214 എന്നിവയുടേതാണ്. ഇവ യഥാക്രമം എടച്ചേരി കെ.എസ്.ഇ.ബി , ചൊക്ലി കെ.എസ്.ഇ.ബി പരിധികളിൽ ആണ് വരുന്നത്. എന്നാൽ 2015 -16 വർഷത്തിൽ പഞ്ചായത്ത് അധികൃതർ , കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുമില്ല. യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തെക്കുറിച്ച് ധാരണയില്ലാതെ വൈദ്യുതചാർജ്ജ് അടച്ചു വരുകയാണ്. നടപടി ശരിയല്ല. വിശദീകരണം നല്കേണ്ടതാണ്. 347477 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-18 വിവിധ പദ്ധതികൾക്കുവേണ്ടി മറ്റ് ഓഫീസുകൾക്ക് കൈമാറിയ തുകകൾക്ക് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല

2015-16 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ പ്രോജക്റ്റുകൾക്കുവേണ്ടി മറ്റ് ഓഫീസുകൾക്ക് കൈമാറിയ താഴെപ്പറയുന്ന തുകകൾക്ക് രശീത് , വിനിയോഗ സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിച്ചിട്ടില്ല. ചില കേസുകളിൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും അവ വിശദമായവയല്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ഇനം | കൈമാറിയ തുക,ഫണ്ട് | തുക കൈപ്പറ്റിയത് | ട്രഷറി ബിൽ നമ്പർ | ഡിഡി/ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 9/ 16 | DPC കെട്ടിടനിർമ്മാണം- പഞ്ചായത്ത് വിഹിതം നല്കിയത് | 1 ലക്ഷം രൂപ, വികസന ഫണ്ട് | ജില്ല കലക്ടർ, കോഴിക്കോട് | 41/16 26.03.2016 | 288706/13.04.2016 | കൈമാറിയ തുകക്ക് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 13/16 | ഐ.എ.വൈ-ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ തുക | 1 ലക്ഷം രൂപ, SCP | സെക്രട്ടറി, തൂണേരി ബ്ലോക്ക് പഞ്ചായത്ത്. | 2/15-16 09.12.2015 | 806778/15.12.2015 | കൈമാറിയ തുകക്ക് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല |
| 125 /16 | ഐ.എ.വൈ - സ.ഉ (സാ)1328/16 തസ്വഭവ26.03.2016 പ്രകാരംബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക | 8.5 ലക്ഷം രൂപ, വികസന ഫണ്ട് | സെക്രട്ടറി, തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 43/16 24.03.2016 | 288708/ 13.04. 2016 | കൈമാറിയ തുകക്ക് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. |
| 49/16 | മീഡിയശ്രീ പദ്ധതി - കുടുംബശ്രീക്ക് കൈമാറിയ തുക | 65000 രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ | 11/15- 16 21.09. 2015 | 728017 / 06.10. 2015 | കൈമാറിയ തുകക്ക് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. |
| 5/16 | എസ്.എസ്.എ വിഹിതം കൈമാറിയത് | 1 ലക്ഷം രൂപ, വികസന ഫണ്ട് | എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസർ | 15/15-16 28.10. 2015 | 806780/ 15.12. 2015 | വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 116 /16 | തെരുവ് നായ്ക്കളുടെ നിയന്ത്രണം - ജില്ല പഞ്ചായത്തിന് കൈമാറിയ തുക | 2 ലക്ഷം രൂപ, ധനകാര്യ | ജില്ല പഞ്ചായത്ത് | 13/15-16 28.10. 2015 | ലഭ്യമാക്കിയിട്ടില്ല. | കൈമാറിയ തുകക്ക് രശീത്, വിനിയോഗ |

| | | | | | | |
|---|---|---|---|---|---|---|
| | | കമ്മീഷൻ ഗ്രാന്റ് | | | | സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല |

ആവശ്യമായ കൈപ്പറ്റ് രശീതുകൾ , വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ജില്ലപഞ്ചായത്തിന് 2 ലക്ഷം രൂപ കൈമാറിയ ഡിഡി നമ്പറും അറിയിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 14,15,000/- രൂപ തടസ്സത്തിൽ വെക്കുന്നു. പ്രോജക്ട് നമ്പർ 13/16അസിസ്റ്റന്റ് സെക്രട്ടറിയും ബാക്കിയുള്ളവ പഞ്ചായത്ത് സെക്രട്ടറിയുമാണ് നടപ്പാക്കിയത്.

## 3-19 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത - ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 30 അങ്കണവാടികളിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ICDS സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയത്)

| ക്രമ നം. | സെന്റർ നം. | അംഗൻ വാടിയുടെ പേര് | കുട്ടികളുടെ എണ്ണം | കെട്ടിടം (സ്വന്തം/ സൗജന്യം/ വാടക) | കുടിവെള്ള സൗകര്യം ( ഉണ്ട്/ ഇല്ല) ഉണ്ടെങ്കിൽ കിണർ /ടാപ്പ് കണക്ഷൻ ആണോ എന്നും രേഖപ്പെടുത്തുക | വൈദ്യുതി ( ഉണ്ട് / ഇല്ല) | ഗ്യാസ് ( ഉണ്ട് / ഇല്ല) | ചുറ്റമതിൽ ( ഉണ്ട് / ഇല്ല) | 2015-16 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ ( ഉണ്ട് / ഇല്ല) |
|---|---|---|---|---|---|---|---|---|---|
| 1. | 1 | ആനന്ദ | 17 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. | 2 | വിജ്ഞാന | 24 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3. | 3 | ഇരിങ്ങണ്ണൂർ (വെസ്റ്റ്) | 17 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 4. | 4 | മാമ്പള്ളി | 17 | സ്വന്തം | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. | 5 | ഇരിങ്ങണ്ണൂർ | 26 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6. | 6 | വെങ്ങാട്ടേരി | 23 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | 7 | തെക്കയിൽ | 13 | സ്വന്തം | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8. | 8 | ചെറുവത്ത് മീത്തൽ | 20 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 9. | 9 | കച്ചേരി (അഞ്ജലി) | 19 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് (ഭാഗികം) | ഇല്ല |
| 10. | 10 | കോട്ടേമ്പ്രം | 17 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | 11 | ചുണ്ടയിൽ (1) | 12 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 12. | 12 | തെക്കയിൽ മുക്ക് IHRD കോളനി | 12 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 13. | 13 | കൊല്ലോരത്ത് മുക്ക് | 14 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 14. | 14 | നരിക്കുന്ന് | 16 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 15. | 15 | കാക്കന്നൂർ | 23 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 16. | 16 | രാധാമെമ്മോറിയൽ | 14 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 17. | 17 | എടച്ചേരി (നോർത്ത്) | 20 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 18. | 18 | കച്ചേരി (UPS) | 12 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 19. | 19 | തുരുത്തി | 13 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 20. | 20 | പൊന്നാറത്ത് | 14 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 21. | 21 | കണിയാംവെള്ളി | 28 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 22. | 22 | ചുണ്ടയിൽ | 18 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് (ഭാഗികം) | ഇല്ല |
| 23. | 23 | വെങ്ങോളി | 16 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 24. | 24 | എടത്തിൽ മീത്തൽ | 12 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 25. | 127 | | 14 | വാടക | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 26. | 128 | | 14 | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 27. | 129 | | 15 | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 28. | 130 | | 14 | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 29. | 131 | | 17 | സ്വന്തം | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 30. | 132 | | 17 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |

1. സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയതി .22.03.2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള 30 അങ്കണവാടികളിൽ ഒരെണ്ണത്തിന് പോലും 2015-16 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ സുരക്ഷിതമായ കെട്ടിടങ്ങളിലാണ് അങ്കണവാടികൾ പ്രവർത്തിച്ചിരുന്നതെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഇതു സംബന്ധിച്ച കത്തിടപാടുകൾ അസിസ്റ്റന്റ് എഞ്ചിനീയറുമായി നടത്തിയെന്ന് അറിയിച്ചുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. മേൽ പട്ടിക പ്രകാരം ആകെയുള്ള 30 അങ്കണവാടികളിൽ 4 എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ ഒന്നിലും തന്നെ കുടിവെള്ളം, വൈദ്യുതി, ഗ്യാസ് കണക്ഷൻ, ടോയലറ്റ് എന്നീ സൗകര്യങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം ടോയലറ്റ്, കുടിവെള്ള മുതലായ ഭൗതിക സൗകര്യങ്ങൾ ലഭ്യമായതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

3. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 26 അങ്കണവാടികളിൽ 2 എണ്ണത്തിൽ കുടിവെള്ള സൗകര്യമില്ല. കൂടാതെ 5 അങ്കണവാടിക്ക് ചുറ്റുമതിലുമില്ല. ചുറ്റുമതിലുള്ളവയിൽതന്നെ 2 എണ്ണം ഭാഗികവുമാണ്.

അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-20** പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയ എല്ലാ പൊതുജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ കായ്പനച്ചി, ഇരിങ്ങണ്ണൂർ എന്നീ ഭാഗങ്ങളിലൂടെ പെരിങ്ങത്തൂർ പുഴ ഒഴുകുന്നുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിലെ വൃക്ഷങ്ങളുടെ എണ്ണം, പുഴ പുറമ്പോക്ക് ഭൂമികൾ പാട്ടത്തിന് നൽകിയത്, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയത് കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ (നിയമ നടപടികൾ

ഉൾപ്പെടെ) തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചിലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 37500 | 79/16 പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 37500 |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 37500 | | 0 | 37500 |
| ആകെ | | 75000 | | | 75000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2015-16 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു തുക കൈമാറിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ എം എസ് ഭവനപദ്ധതി | സ.ഉ (കൈ) നം 207/2009 /ത.സ്വ.ഭ.വ | 33,07,500 | 76250 | മുതൽ | പലിശ | 0 |

| | | | | | |
|---|---|---|---|---|---|
| | തീയതി 07.11.2009 | | 76250 | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം സ്ഥിര നിക്ഷേപ ഇനത്തിൽ ഇടപാടുകളൊന്നും ഇല്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപങ്ങൾ | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നാദാപുരം സഹകരണ ആശുപത്രി ഓഹരി (317/08.04.1997) | 10000/- |
| ആകെ | 10000/- |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2001-02 (പദ്ധതി) | 6-1 | 20977 | | 11503100451 |
| | 6-2 | 5775 | | 11503100452 |
| 2013-14 | 3-1 | 14715 | | 11503100267 |
| ആകെ | | 41467 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 7 | മറ്റ് പരാമർശങ്ങൾ<br>സമഗ്ര പുരയിടകൃഷി വികസന പദ്ധതി | നിയമസഭാ സമിതി പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53983166 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66811453 |
| വരവിനങ്ങളിലുള്ള നഷ്ടം | 86765 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 889330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2638896 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 20997 | | ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി |
| 2-3 | 65768 | | ശ്രീമതി സുനിത പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 250071 | ശ്രീമതി സുനിത പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 250071 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 191074 | ശ്രീമതി സുനിത പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 191075 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 6041 | ശ്രീമതി ലക്ഷ്മി സുരേന്ദ്രൻ, കൃഷി ഓഫീസർ |
| 3-9 | | 333 | ഡോ നിഷിന എം മെഡിക്കൽ ഓഫീസർ |

| | | | |
|---|---|---|---|
| | | | (പ്രാഥമികാരോഗ്യ കേന്ദ്രം) |
| | | 333 | ഡോ പി കെ ശശീന്ദ്രൻ മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) |
| | | 332 | ഡോ.എ രാധിക (അംഗീകാരം നൽകിയ മെഡിക്കൽ ഓഫീസർ ) |
| ആകെ | 86765 | 889330 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 165000 | ഡോ കെ സി രാജേഷ്, വെറ്ററിനറി സർജൻ |
| 3-9 | 75000 | ശ്രീമതി ഗിരിജ കുന്നമ്മൽ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-11 | 57300 | ഡോ പി കെ ശശീന്ദ്രൻ മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) |
| 3-12 | 3658 | ഡോ നിഷിന എം മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) |
| | 3658 | ഡോ പി കെ ശശീന്ദ്രൻ മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) |
| | 3657 | ഡോ എ രാധിക (അംഗീകാരം നൽകിയ മെഡിക്കൽ ഓഫീസർ ) |
| 3-13 | 117000 | ഡോ പി കെ ശശീന്ദ്രൻ മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) |
| 3-15 | 109890 | ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി |
| 3-16 | 199066 | ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി |
| | 56876 | ശ്രീ വി പി വിശ്വനാഥൻ (സെക്രട്ടറി ഇൻ ചാർജ്) |
| | 56876 | ശ്രീമതി രേണുക എ വി (സെക്രട്ടറി ഇൻ ചാർജ്) |
| | 28438 | ശ്രീ സജീവൻ എം സി (ഇൻ ചാർജ്) |
| 3-17 | 57915 | ശ്രീ വി പി വിശ്വനാഥൻ (സെക്രട്ടറി ഇൻ ചാർജ്) |
| | 86874 | ശ്രീമതി രേണുക എ വി (ഇൻ ചാർജ്) |
| | 202688 | ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി |
| 3-18 | 1315000 | ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി |
| | 100000 | ശ്രീ സജീവൻ എം സി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2638896 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ നൽകുന്നു.

| ഖണ്ഡിക | തുക | ഉത്തരവാദിത്തം |
|---|---|---|
| 3-4 | 65768 | ശ്രീമതി സുനിത പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബാലഗോപാലൻ വി പി, സെക്രട്ടറി | സെക്രട്ടറിയായി തുടരുന്നു | അമൽ<br>അടക്കാത്തെരു (പി.ഒ)<br>വടകര,കോഴിക്കോട് |
| ശ്രീമതി സുനിത പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ | തുടരുന്നു | അനന്തപുരി, കച്ചേരി (പി.ഒ)<br>എടച്ചേരി, വടകര, കോഴിക്കോട് |
| ശ്രീ ഗോപിനാഥൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | മേൽ വിലാസം ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| ശ്രീമതി ലക്ഷ്മി സുരേന്ദ്രൻ, കൃഷി ഓഫീസർ | | കൃഷ്ണ ഭവൻ, PRA-148,<br>പുതുപ്പള്ളി ലൈൻ, മെഡിക്കൽ കോളജ് (പി.ഒ), തിരുവനന്തപുരം |
| ഡോ നിഷിന എം മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | | മമ്മിയിൽ വീട്, ഗവ.ആർട്സ് ആന്റ് സയൻസ് കോളജ് (പി.ഒ), മീഞ്ചന്ത, കോഴിക്കോട് |
| ഡോ പി കെ ശശീന്ദ്രൻ മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | | ചിരിയിൽ വീട്, പാതിരപ്പറ്റ (പി.ഒ), വട്ടോളി, കക്കട്ടിൽ (വഴി), കോഴിക്കോട് |
| ഡോ. രാധിക (അംഗീകാരം നൽകിയ മെഡിക്കൽ ഓഫീസർ ) | | മേൽ വിലാസം ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| ഡോ കെ സി രാജേഷ്, വെറ്ററിനറി സർജൻ | തുടരുന്നു | പുതിയോട്ടിൽ, മുട്ടുങ്ങൽ വെസ്റ്റ് (പി.ഒ), വടകര, കോഴിക്കോട് |
| ശ്രീമതി ഗിരിജ കുന്നമ്മൽ, ഐ സി ഡി എസ് സൂപ്പർവൈസർ | തുടരുന്നു | കടയങ്കോട്ടുമ്മൽ, കോടഞ്ചേരി (പി.ഒ), പുറമേരി (വഴി), വെള്ളൂർ, വടകര, കോഴിക്കോട് |
| ശ്രീ വി പി വിശ്വനാഥൻ (സെക്രട്ടറി ഇൻ ചാർജ്) | റിട്ടയേർഡ് | അനശ്വര, അഴിയൂർ (പി.ഒ), വടകര, കോഴിക്കോട് |
| ശ്രീമതി രേണുക എ വി (സെക്രട്ടറി ഇൻ ചാർജ്) | റിട്ടയേർഡ് | മേൽ വിലാസം ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. |

| | | |
|---|---|---|
| ശ്രീ സജീവൻ എം സി (ഇൻ ചാർജ്) | അസി സെക്രട്ടറി മണിയൂർ ഗ്രാമപഞ്ചായത്ത് | മടവൻ ചാലിൽ വീട് മേപ്പയിൽ (പി.ഒ), വടകര, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ.എഫ് . കെ.കെ,ഡി.പി9/2118/14 തീയ്യതി 15-12-14 | 1 |
| 2000-01 | എൽ.എഫ് .കെ.കെ,ഡി.പി5/38/2012 തീയ്യതി 29-2-12 | 2 |
| 2001-02 | എൽ.എഫ് .കെ.കെ,ഡി.പി5/38/2012 തീയ്യതി 29-2-12 | 4 |
| 2001-02(പ്ളാൻ) | എൽ.എഫ് .കെ.കെ,ഡി.പി5/38/2012 തീയ്യതി 29-2-12 | ൨ |
| 2002-03(ചെലവ്) | എൽ.എഫ് .കെ.കെ,ഡി.പി8/318/2012 തീയ്യതി 23-2-07 | 10 |
| 2002-03(DCB) | എൽ.എഫ് .കെ.കെ,ഡി.എസ്1/848 തീയ്യതി 31-10-07 | 10 |
| 2003-04 | എൽ.എഫ് .പി5/310/08 തീയ്യതി 6-9-09 | 11 |
| 2004-05 | എൽ.എഫ് .കെ.കെ,ഡി.പി5/777/14 തീയ്യതി 15-9-09 | 11 |
| 2005-06 | എൽ.എഫ്.പി5/804/09 തീയ്യതി 15-9-09 | 10 |
| 2006-07 | എൽ.എഫ്.പി5/1055/09 തീയ്യതി 15-9-09 | 14 |
| 2007-08 | എൽ.എഫ് .കെ.കെ,ഡി.പി5/585/11 തീയ്യതി 3-11-11 | 17 |
| 2008-09 | എൽ.എഫ് .കെ.കെ,ഡി.എസ്4/267/11 | 17 |

| | | |
|---|---|---|
| | തീയ്യതി 1-12-11 | |
| 2009-10 | എൽ.എഫ് .കെ.കെ,ഡി.പി11/69/13 തീയ്യതി | 17 |
| 2010-11,2011-12 | എൽ.എഫ് .കെ.കെ,ഡി.പി11/1388/13 തീയ്യതി 15-9-09 | 22 |
| 2012-13, 2013-14 | എൽ.എഫ് .കെ.കെ,ഡി.പി9/595/15(1) തീയ്യതി 6-5-15 | 17 |
| 2014-15 | കെ എസ് എ കെ കെ ഡി /പി 9/993/2016 തീയതി 08.06.2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം - 1</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.9/115/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 30.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P9 /115/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 30.01.2017

# Audit Certificate

Certified that I have audited the Annual Financial Statement of Edacheri Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Edacheri Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department, District Audit Office, Kozhikode.